# TRICHUR ARCHDIOCESAN BULLETIN

2024 ജൂൺ | വാല്യം: 91 | ലക്കം: 06




പീഡകളുടെ കാലം (മത്താ 10, 16)



ജൂൺ 13ന് നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ **മാർ ടോണി നീലങ്കാവിൽ** പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

Trichur Archdiocesan Bulletin
TAB

ESTD:1934

ജൂൺ 2024
ലക്കം: 06 | വാല്യം: 91
03

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 07 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 18 |
| സഹായമെത്രാന്റെ പരിപാടികൾ | 19 |
| നാളാഗമം | 20 |
| നാമകരണ നടപടികൾ | 28 |
| വൈദികർ | 32 |
| സന്യസ്തർ | 35 |
| വിശ്വാസ പരിശീലനം | 40 |
| സ്ഥാപനങ്ങൾ | 46 |
| സംഘടനകൾ | 56 |

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1060/ 2024
07.05.2024 C-4

### അതിരൂപതാദിനം

പ്രിയ ബഹു. വൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരീ സഹോദരൻമാരെ, വത്സലമക്കളെ,

1887 മെയ് 20 ന് ലെയോ 13-ാമൻ മാർപ്പാപ്പയുടെ 'ക്വോദ്‌യാം പ്രീദം'എന്ന തിരുവെഴുത്ത് വഴി സ്ഥാപിതമായ തൃശ്ശൂർ രൂപതയുടെ 137-ാം അതിരൂപതാദിനം കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളിയിൽ വച്ച് 2024 മെയ് 20ന് ആഘോഷിക്കപ്പെടുകയാണ്. ഈ ആഘോഷം ദൈവം നമ്മുടെ അതിരൂപതയ്ക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദിപറയാനും, കൂട്ടായ്മ ഊട്ടിയുറപ്പിക്കാനും ദൈവകൃപയിൽ ആശ്രയിച്ച് എല്ലാവരുടെയും സഹകരണത്തോടെ വിശ്വാസസാക്ഷ്യമായി മുന്നോട്ടു പോകുമെന്ന പ്രതിജ്ഞയെടുക്കാനും ഉപയുക്തമാക്കണം.

ആയിരം വർഷത്തിലേറെ പഴക്കമുള്ള കൊട്ടേക്കാട് ഇടവകക്കൂട്ടായ്മ ക്രൈസ്തവ പാരമ്പര്യത്തിനും, വിശ്വാസകൈമാറ്റത്തിനും ഏവർക്കും മാതൃകയാണ്. ഈ വർഷത്തെ അതിരൂപതാദിനം കൊട്ടേക്കാട് വച്ച്

നടത്തുമ്പോൾ അതിരൂപതയുടെ ചരിത്ര താളുകളിൽ കൊട്ടേക്കാടിന്റെ പേരും രേഖപ്പെടുത്തപ്പെടുകയാണ്.

ഇന്നത്തെ സഭ വെല്ലുവിളികൾ നേരിടുമ്പോൾ അതിനെ അതിജീവിക്കുവാൻ നാം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട ആവശ്യകത വർദ്ധിച്ചു വരികയാണ്. എന്നാൽ ഇന്ന് അത്തരം വെല്ലുവിളികളെ നേരിടുന്നതിന് ഐക്യത്തോടു കൂടെയുള്ള പ്രവർത്തനങ്ങൾ കാണുന്നില്ല എന്നത് നമ്മെ വേദനിപ്പിക്കുന്നുണ്ട്. ആദിമസഭയിലെന്ന പോലെ 'ഒരു ഹൃദയവും ഒരു ആത്മാവു'മായി, (അപ്പ.4:32-34, 2:44-45), 'അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്ന്' (അപ്പ. 2:42) കർത്താവായ യേശുവിന് ശക്തമായ സാക്ഷ്യം നൽകുന്ന (അപ്പ. 1:8) സമൂഹമായി നാം പ്രവർത്തിക്കണം. നമ്മുടെ അതിരൂപതയുടെ ഒറ്റക്കെട്ടായ മുന്നേറ്റത്തിന്റെ സാക്ഷ്യമാകത്തക്ക വിധത്തിൽ നമുക്ക് അതിരൂപതാ ദിനത്തിൽ പങ്കാളികളാകാം.

2024 മെയ് 20 തിങ്കളാഴ്ച കൊട്ടേക്കാട് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തുന്ന അതിരൂപതാദിനാഘോഷം ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്നു. കൃതജ്ഞാതാബലിയും തുടർന്ന് പൊതുസമ്മേളനവും കൊട്ടേക്കാട് ഫൊറോനയിലെ ഇടവകകളിൽ നിന്നുമുള്ള വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 20-ാം തീയതി അതിരൂപതക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണ്. അതിരൂപതാദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 19ന് ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം പേപ്പൽ പതാക ഉയർത്തേണ്ടതാണ്.

അതിരൂപതയുടെ കുടുംബദിനമായിട്ടാണ് ഈ ആചരണം നാം നടത്തുന്നത്. അതിനാൽ താഴെപ്പറയുന്നവർ അതിരൂപതാദിന ആഘോഷപരിപാടികളിൽ നിർബന്ധമായും പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു.

1. അതിരൂപതയിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ
2. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
3. മേജർ സുപ്പീരിയർമാർ
4. ഓരോ ഇടവകയിൽ നിന്ന്
    (a) കൈക്കാരൻമാർ
    (b) പ്രതിനിധിയോഗം സെക്രട്ടറി
    (c) കുടുംബകൂട്ടായ്മ കൺവീനർ

(d)ഏകോപന സമിതി പ്രസിഡന്റ്

(e) മതബോധന ഹെഡ്മാസ്റ്റർ

(f) ഇടവക അതിർത്തിയിലുള്ള സന്യാസഭവനങ്ങളിലെ പ്രതിനിധികൾ

മേൽപ്പറഞ്ഞവരെ അതിരൂപതാദിനത്തിന് കൊണ്ടുവരാൻ ആവശ്യമായ വാഹനസൗകര്യം ഇടവകയിൽനിന്നും ചെയ്യേണ്ടതാണ്.

ഈ അവസരത്തിൽ CBCI യുടെ കീഴിലുള്ള കാരിസ് ഇന്ത്യ സംഘടിപ്പിക്കുന്ന ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ്' എന്ന പ്രോഗ്രാമിനെ കുറിച്ച് നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കാരിസ് ഇന്ത്യ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഡൽഹിയിലും പൂനെയിലും 'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ്' എന്ന പ്രോഗ്രാം നടത്തിയിരുന്നു. ഈ വർഷം ആഗസ്റ്റ് 10ന് നമ്മുടെ അതിരൂപതിയിൽ വച്ചാണ് 'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ്' നടത്തപ്പെടുന്നത്. മനുഷ്യ ജീവന്റെ സംരക്ഷണത്തിനായും ഭ്രൂണഹത്യ എന്ന തിന്മയെ ഇല്ലാതാക്കുന്നതിനുമായി 1971 ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് (MTP ACT 1971) റദ്ദു ചെയ്യണമെന്ന ആവശ്യവുമായിട്ടാണ് പ്രസ്തുത മാർച്ച് നടത്തുന്നത്. ആഗസ്റ്റിൽ നടക്കുന്ന 'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിൽ പങ്കുചേരുവാനും മനുഷ്യജീവനെതിരെയുള്ള വിവിധങ്ങളായ വെല്ലുവിളികളെ ചെറുക്കുന്നതിനും ജീവൻ സംരക്ഷിക്കുന്നതിനുമായുള്ള സഭയുടെ കർമ്മപദ്ധതികളോടു സഹകരിക്കുവാനും നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

മെയ്മാസ റാണിയുടെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടും അതിരൂപതാ ദിനത്തിന്റെ ആശംസകൾ നേർന്നുകൊണ്ടും,

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ജൂൺ 2024**

1 : വി. ജസ്റ്റിൻ
2 : ശ്ലീഹാ മൂന്നാം ഞായർ
7 : ആദ്യവെള്ളി
ഈശോയുടെ തിരുഹൃദയത്തിരുന്നാൾ
8 : പരി. മാതാവിന്റെ വിമലഹൃദയതിരുന്നാൾ
: വി. മറിയം ത്രേസ്യ
: മാർ അപ്രേം
9 : ശ്ലീഹാ നാലാം ഞായർ
11 : വി. ബർണ്ണാബാസ് ശ്ലീഹാ
13 : പാദുവായിലെ വി. അന്തോണീസ്
16 : ശ്ലീഹാ അഞ്ചാം ഞായർ
22 : വി. ജോൺ ഫിഷർ, വി. തോമസ് മൂർ
23 : ശ്ലീഹാ ആറാം ഞായർ
24 : വി. യോഹന്നാൻ മാംദാനയുടെ ജനനം
28 : വി. ഇരണേവൂസ്
29 : വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ
30 : ശ്ലീഹാ ഏഴാം ഞായർ

**2. ജൂൺ മാസത്തെ പരിപാടികൾ**

1 : സംഘടന ഏകോപനസമിതിയോഗം (02:30 pm)
7 : ഫിനാൻസ് കൗൺസിൽ (07:00 pm)
8 : പാസ്റ്ററൽ കൗൺസിൽ യോഗം (09:30 am)
14 : വിദ്യാഭ്യാസ–ആതുരസ്ഥാപനഡയറക്ടർമാരുടെ യോഗം (02:30 pm)
20 : ആലോചനസമിതി യോഗം (10:30 am)
: വൈദികസമിതിയോഗം (02:30 pm)
27 : വൈദിക ഏകദിനസമ്മേളനം (10:00 am)

**3. അതിരൂപതാദിനം**

കൊട്ടേക്കാട് ഫൊറോനയിൽ വച്ച് നടന്ന അതിരൂപതാദിനത്തിന് സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**4. ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിൽ – ശ്രാദ്ധം :**

ദൈവദാസനായ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ 61–ാം ശ്രാദ്ധാചരണം 2024 ജൂൺ 10ന് ചേലക്കര സെ. മേരീസ് ഫൊറോന പള്ളിയിൽവെച്ച് നടത്തപ്പെടുന്നു.

**5. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് പ്രാർത്ഥനാശംസകൾ:**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 11ന് ഉച്ചകഴിഞ്ഞ് 2:30 ന് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടികൂടി മുന്നോട്ട് പോകുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

| | |
|---|---|
| 1. ചീരൻ എൽദോ | – കോട്ടപ്പടി |
| 2. ചെമ്മണ്ണൂർ റിസൺ | – പേരകം |
| 3. എലുവത്തിങ്കൽ എബിൻ | – ചെവ്വൂർ |
| 4. എലുവത്തിങ്കൽ എഡ്വിൻ | – പേരാമംഗലം |
| 5. കൊള്ളന്നൂർ ജിന്റോ | – പാറന്നൂർ |
| 6. കുരുതുകുളങ്ങര റോവിൻ | – അരിമ്പൂർ |
| 7. നീലങ്കാവിൽ വിപിൻ | – പതിയാരം |
| 8. പാലയൂർ ബിജോയ് | – ആളൂർ |
| 9. ക്ലിൻസ് പൂത്തോക്കാരൻ | – കല്ലൂർ കിഴക്ക് |
| 10. പുളിക്കൻ ജോയേൽ | – പുതുക്കാട് |
| 11. തെക്കാട്ടിൽ അമൽ | – കൊട്ടേക്കാട് |
| 12. തട്ടിൽ ജിബിൻ | – തൃക്കൂർ |

**6. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2024 ആഗസ്റ്റ് 5–ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടുവരേണ്ട ദിവസവും സമയക്രമവും 2024 മെയ് മാസത്തെ അതിരൂപതാബുള്ളറ്റിനിൽ സാമ്പത്തിക കാര്യാലയവാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തിങ്കൾ മുതുൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കന്നതല്ല. പള്ളികളിൽ നിന്നുള്ള തെരട്ട്

കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേദിവസം അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും, നടത്തു കൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മർ വരുന്നതിന് തടസമില്ല.

2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് (രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം (രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട് (രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക ബജറ്റ് (രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട് (രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവു ചെലവു കണക്ക് (രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്– ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ– (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാ ക്കേതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടുസംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭ വരിസംഖ്യയും സാമ്പത്തികകാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേതാണ്.

5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധി

ക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷ ന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർ ണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**7. പാസ്റ്ററൽ കൗൺസിൽ :**

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം 2024 ജൂൺ 8 ശനിയാഴ്ച നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**8. വൈദികരുടെ വാർഷികധ്യാനം :**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തം ബർ 8 മുതൽ 13 വരെയും (ജറുസലെം ധ്യാനകേന്ദ്രം) സെപ്തംബർ 15 മുതൽ 20 വരെയും 22 മുതൽ 27 വരെയും (മേരിമാത മേജർ സെമിനാരി) മൂന്നു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനഗുരു : ബഹു. ഫാ. റോയ് പാലാട്ടി സി. എം. ഐ.

* ആദ്യബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാതാ മേജർ സെമിനാരിയിലും വച്ചാണ് നടത്തു ന്നത്. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കു ന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.

* ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

* അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദി കർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുങ്കിൽ എത്രയും വേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

* എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെ ടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷിക ധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതി രൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേതാണ്.

**9. വൈദികനിയമനം**

1. ഫാ. ജോസഫ് അന്തിക്കാട്ട് – ബലിയർപ്പണം സ്നേഹാരാം സി. എച്ച്. എഫ്. റീഹാബിലിറ്റേഷൻ സെന്റർ കൂടി; സാധുത 2024 ഏപ്രിൽ 9 മുതൽ.
2. ഫാ. ജോൺ പുത്തൂർ – സെന്റ് മേരീസ് ഐ. ടി. ഐ. യിൽ അധ്യാപനത്തിന് അനുവാദം; സാധുത 2024 ഏപ്രിൽ 15 മുതൽ.

3. ഫാ. സെബി വെളിയൻ – അരണാട്ടുകര ഇടവകയിൽ ബലിയർപ്പണത്തിന് അനുമതി; സാധുത 2024 ഏപ്രിൽ 20 മുതൽ.
4. ഫാ. റെജി തോമസ് ഞരളക്കാട്ട് – ഡിഫന്റർ ഓഫ് ബോണ്ട്, മെത്രാപ്പോലീത്തൻ കോടതി & സഹായി കുറ്റൂർ ഇടവക; സാധുത 2024 ഏപ്രിൽ 22 മുതൽ.
5. ഫാ. റിജോയ് തൈവളപ്പിൽ – അസി. ആർക്കെവിസ്റ്റ് ഒഴിവായി; സാധുത 2024 ഏപ്രിൽ 24 മുതൽ.
6. ഫാ. അലക്സ് മാപ്രാണി – അസി. ആർക്കെവിസ്റ്റ് കൂടി; സാധുത 2024 ഏപ്രിൽ 24 മുതൽ.
7. ഫാ. ലിയോ പുത്തൂർ – സഹായി തലോർ കൂടി; സാധുത 2024 മെയ് 1 മുതൽ.
8. ഡീ. ജിനോയ് പുല്ലോക്കാരൻ ഇങ്കക – ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ ബസിലിക്ക; സാധുത 2024 മെയ് 1 മുതൽ ഒക്ടോബർ 15 വരെ.
9. ഡീ. ജിസ്വിൻ വാഴപ്പിള്ളി – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2024 മെയ് 15 മുതൽ നവംബർ 30 വരെ.
10. ഡീ. അക്ഷയ് കുന്നേൽ MSJ – ഡീക്കൻ മിനിസ്ട്രി ചിറ്റിശ്ശേരി; സാധുത 2024 മെയ് 15 മുതൽ നവംബർ 15 വരെ.

## വൈദികരുടെ തുടർപരിശീലനം 2024

THEME: **PASTORAL MINISTRY FOR THE MIDDLE-AGED** (31-60 Age Group)

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

Pastoral Ministry for the Middle-Aged (31-60 Age Group)- എന്ന വിഷയത്തെ ആസ്പദമാക്കി നമ്മുടെ അതിരൂപതയിലെ വൈദികർക്കായുള്ള ദ്വിദിന തുടർപരിശീലനം ജൂലൈ 8 മുതൽ 12 വരെയും 15മുതൽ 18 വരെയും ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. 7 ബാച്ചുകളിലായാണ് ഈ പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഉച്ചതിരിഞ്ഞു 2.30 മുതൽ പിറ്റേ ദിവസം ഉച്ചകഴിഞ്ഞു 2.30 വരെയാണ് പരിശീലനപരിപാടി. പങ്കെടുക്കുന്നവർക്കായുള്ള താമസസൗകര്യം ഡി. ബി. സി. എൽ. സി. യിൽ ഒരുക്കിയിട്ടുണ്ട്. അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന 75 വയസ്സിനു താഴെയുള്ള എല്ലാ വൈദികരെയും ഈ പരിശീലനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട അച്ചൻ പങ്കെടുക്കേണ്ട ബാച്ച് താഴെ കൊടുക്കുന്നു പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അസൗകര്യമുള്ളവരും, ഗ്രൂപ്പ് മാറാൻ ആഗ്രഹിക്കുന്നവരും പ്രോഗ്രാം കോർഡിനേറ്ററിനെ (ഫാ. സാജൻ പിണ്ടിയാൻ, 9400280625) അറിയിക്കുമല്ലോ.

| BATCH 1 (July 8-9, Monday-Tuesday) | |
|---|---|
| 1. Rev. Fr. Alappatt Biju Joseph | 25. Rev. Fr. Maroky Dennis |
| 2. Rev. Fr. Ammuthan Antony | 26. Rev. Fr. Mekkattukulam Jiphy |
| 3. Rev. Fr. Arakkal Steephen | 27. Rev. Fr. Menachery Antony |
| 4. Rev. Fr. Arimbur Derin | 28. Rev. Fr. Mookken Roy |
| 5. Rev. Fr. Chalissery Johnson | 29. Rev. Fr. Moolan John |
| 6. Rev. Fr. Cheruvathoor Sijo | 30. Rev. Fr. Padayattil Job |
| 7. Rev. Fr. Cheruvathoor Vincent | 31. Rev. Fr. Peramangalath Paul |
| 8. Rev. Fr. Chirammel Able | 32. Rev. Fr. Perinchery Ajeesh |
| 9. Rev. Fr. Chirayath Anto | 33. Rev. Fr. Pindiyan Prince |
| 10. Rev. Fr. Chittilappilly Antony Jr. | 34. Rev. Fr. Porathur Sinto |
| 11. Rev. Fr. Chittilappilly Joy, Sr. | 35. Rev. Fr. Pullokkaran Raphael |
| 12. Rev. Fr. Choondal Jinto | 36. Rev. Fr. Punnoliparambil Jos |
| 13. Rev. Fr. Choondal Livin | 37. Rev. Fr. Thalakkoden Dominic |
| 14. Rev. Fr. Edakalathoor Godwin | 38. Rev. Fr. Thalakkottoor Francis |
| 15. Rev. Fr. Emmatty Sajeev | 39. Rev. Fr. Thattil Soly |
| 16. Rev. Fr. Kallarakkal Pratheesh | 40. Rev. Fr. Thayyalakkal Flergin |
| 17. Rev. Fr. Kallikkaden Paul | 41. Rev. Fr. Thekkanath Christo |
| 18. Rev. Fr. Kattukaran Paul | 42. Rev. Fr. Thekkanath Paul |
| 19. Rev. Fr. Kidangan Benny | 43. Rev. Fr. Thekkiniyath Geo |
| 20. Rev. Fr. Kolambrath Dixon | 44. Rev. Fr. Thermadam Shajan |
| 21. Rev. Fr. Koothur Francis | 45. Rev. Fr. Ukken Sibin |
| 22. Rev. Fr. Kundukulam Vincent | 46. Rev. Fr. Vallooran Jose |
| 23. Rev. Fr. Kundukulangara Jovy | 47. Rev. Fr. Vattakuzhy Gladrin |
| 24.Rev. Fr. Mapranathukaran Pradheep | 48. Rev. Fr. Velakombil Roy |
| | 49. Rev. Fr. Velookaran Thomas |

| BATCH 2 (July 9-10, Tuesday-Wednesday) | |
|---|---|
| 1. Rev. Fr. Ainikkal Jose | 6. Rev. Fr. Chalissery Lijo |
| 2. Rev. Fr. Alapatt Francis | 7. Rev. Fr. Chiriyankandath Shijo |
| 3. Rev. Fr. Alapatt Paul | 8. Rev. Fr. Chittilappilly Lijo |
| 4. Rev. Fr. Anthikkatt Johnson | 9. Rev. Fr. Chittilappilly Seby |
| 5. Rev. Fr. Chalakkal Sebastian | 10. Rev. Fr. Choondal Thomas |

11. Rev. Fr. Edathiruthy Jojo
12. Rev. Fr. Eluvathingal Antos
13. Rev. Fr. Kallingalkudiyil Jimmy
14. Rev. Fr. Kanjirathingal Anto
15. Rev. Fr. Kanjirathingal Baiju
16. Rev. Fr. Kannampuzha Davis
17. Rev. Fr. Kavalakkatt Franco
18. Rev. Fr. Kizhakkekannanchira Frinto
19. Rev. Fr. Kizhakkuden Sony
20. Rev. Fr. Kollannur Ajith
21. Rev. Fr. Koothur Anish
22. Rev. Fr. Kuruthukulangara Antony
23. Rev. Fr. Kuttikkatt Jinto
24. Rev. Fr. Mukkadayil Jinson
25. Rev. Fr. Muthipeedika Mejo
26. Rev. Fr. Muttath Paul
27. Rev. Fr. Neelankavil Francis
28. Rev. Fr. Neelankavil Hadly
29. Rev. Fr. Olakkengil Dijo
30. Rev. Fr. Olappurakkal Rinjo
31. Rev. Fr. Palathingal Varghese
32. Rev. Fr. Ponthekken Sinto
33. Rev. Fr. Puthur Joby
34. Rev. Fr. Puthur Sebi
35. Rev. Fr. Thaikkattil Lawrance
36. Rev. Fr. Thaikkattil Saijo
37. Rev. Fr. Thaivalappil Rejoy
38. Rev. Fr. Thaliyath Nibin
39. Rev. Fr. Thanikkal Manoj
40. Rev. Fr. Tharakan Francis
41. Rev. Fr. Ukken Johnson
42. Rev. Fr. Ukken Shaju
43. Rev. Fr. Vadakkethala Prijov
44. Rev. Fr. Vadakkoott James
45. Rev. Fr. Vaikkadan Joseph
46. Rev. Fr. Vallachirakkaran Dinto
47. Rev. Fr. Vazhappilly Twinkle
48. Rev. Fr. Veliyan Sebi
49. Rev. Fr. Vettath Mathew

**BATCH 3** (July 10-11, Wednesday-Thursday)

1. Rev. Fr. Adambukulam Joy
2. Rev. Fr. Akkarapattiakkal Nirmal
3. Rev. Fr. Alappatt Geo
4. Rev. Fr. Aloor Joshy
5. Rev. Fr. Alukka Antony
6. Rev. Fr. Anthikkat Joseph
7. Rev. Fr. Appadan Babu
8. Rev. Fr. Arackel Paul
9. Rev. Fr. Arikkat Sijo
10. Rev. Fr. Chakkalakkal Seejan
11. Rev. Fr. Chalissery Paul
12. Rev. Fr. Chiramel Davis, Jr.
13. Rev. Fr. Chiramel Simson
14. Rev. Fr. Chittilapilly Jaison
15. Rev. Fr. Chittilappilly Johnson
16. Rev. Fr. Chungath Midhun
17. Rev. Fr. Edakkalathur Jijo
18. Rev. Fr. Kakkassery Tony
19. Rev. Fr. Kanimangalathukaran Vincent
20. Rev. Fr. Kanjirathingal Arun
21. Rev. Fr. Kanjirathingal Seby
22. Rev. Fr. Kareparamban Sinto
23. Rev. Fr. Karerakkattil Aljo

| | |
|---|---|
| 24. Rev. Fr. Kidangan Joy | 37. Rev. Fr. Olakkengil Debin |
| 25. Rev. Fr. Kollannoor Joy | 38. Rev. Fr. Ollukkaran Anto |
| 26. Rev. Fr. Koonamplakkal Jaison | 39. Rev. Fr. Pallikkunnath Shijo |
| 27. Rev. Fr. Koothur Febin | 40.Rev. Fr. Panthallookkaran Devassy |
| 28. Rev. Fr. Koreth Joyson | 41. Rev. Fr. Pidiyath Wilson |
| 29. Rev. Fr. Kulangara Printo | 42. Rev. Fr. Poovathingal Prince |
| 30. Rev. Fr. Kurissery Ittiachan | 43. Rev. Fr. Punnoliparambil Bastian |
| 31. Rev. Fr. Kuttikkatt Andrews | 44. Rev. Fr. Puthur Joy |
| 32. Rev. Fr. Maliyammavu Paul | 45. Rev. Fr. Puthur Sijo |
| 33. Rev. Fr. Marokey Shinto | 46. Rev. Fr. Tharakan Varghese |
| 34.Rev. Fr. Melit Palathingal Verghese | 47. Rev. Fr. Thermadam Simon |
| 35. Rev. Fr. Mookken Joy | 48. Rev. Fr. Vithayathil Kozhukkullikaran Rijo |
| 36. Rev. Fr. Muringathery Grijo | |

| **BATCH 4** (July 11-12, Thursday-Friday) | |
|---|---|
| 1. Rev. Fr. Akkamattathil Raphael | 20. Rev. Fr. Kallikadan Starzon |
| 2. Rev. Fr. Akkamattathil Shonson | 21. Rev. Fr. Kannanaikal Franclin |
| 3. Rev. Fr. Akkara Raju | 22. Rev. Fr. Keetticka Finosh |
| 4. Rev. Fr. Alappadan Fijo | 23. Rev. Fr. Koola Ditto |
| 5. Rev. Fr. Anthikkat Santhosh | 24. Rev. Fr. Koothur Joy |
| 6. Rev. Fr. Arangassery Jose | 25. Rev. Fr. Malokkaran Jikson |
| 7. Rev. Fr. Ayyankanayil John | 26. Rev. Fr. Mandumpal Taison |
| 8. Rev. Fr. Chalakkal Jackson | 27. Rev. Fr. Maprani Alex |
| 9. Rev. Fr. Chalil Anu | 28. Rev. Fr. Muringathery Joy |
| 10. Rev. Fr. Chiramel Chacko | 29. Rev. Fr. Neelamkavil Anson |
| 11. Rev. Fr. Chiramel Davis Sr. | 30. Rev. Fr. Neelankavil Pauly |
| 12. Rev. Fr. Chiramel Jolly | 31. Rev. Fr. Pallikunnath Francis |
| 13. Rev. Fr. Chittilappilly Joffy | 32. Rev. Fr. Panengadan John (Biju) |
| 14. Rev. Fr. Edakkalathur Jose | 33. Rev. Fr. Pazhayedath Jaison |
| 15. Rev. Fr. Edakkalathur Thomas | 34. Rev. Fr. Perumattil Christon |
| 16. Rev. Fr. Edakulathur George | 35. Rev. Fr. Pulikkan Paul |
| 17. Rev. Fr. Eluvathingal Rojo | 36. Rev. Fr. Punnassery Jaison |
| 18. Rev. Fr. Inchodikkaran James | 37. Rev. Fr. Puthookkara Francis |
| 19. Rev. Fr. Kaitharath Justin | 38. Rev. Fr. Thandassery Canadian |

| | |
|---|---|
| 39. Rev. Fr. Thattil Benwin | 45. Rev. Fr. Vadakoot Thomas |
| 40. Rev. Fr. Thattil Jense | 46. Rev. Fr. Vattakuzhy Jose |
| 41. Rev. Fr. Ukken Thomas | 47. Rev. Fr. Vazhappilly Tony |
| 42. Rev. Fr. Vadakkan Job | 48. Rev. Fr. Velukkaran Geo |
| 43. Rev. Fr. Vadakkan Raphael | 49.Rev. Fr. Vettath Sebastian |
| 44. Rev. Fr. Vadakkethala Saju | |

| **BATCH 5** (July 15-16, Monday-Tuesday) | |
|---|---|
| 1. Rev. Fr. Ainickal Johnson | 25. Rev. Fr. Muringathery Naveen |
| 2. Rev. Fr. Ainikkal Addwin | 26. Rev. Fr. Muringathery Sijo |
| 3. Rev. Fr. Aloor Francis | 27. Rev. Fr. NandikkaraIgnatius (Biju) |
| 4. Rev. Fr. Anthikadan Johnson | 28. Rev. Fr. Nellangara Jithin |
| 5. Rev. Fr. Arangassery Saleesh | 29. Rev. Fr. Olakkengil Johnson |
| 6. Rev. Fr. Arangassery Sanoj | 30. Rev. Fr. Palathingal Paulson |
| 7. Rev. Fr. Chakkalakkal Davis | 31. Rev. Fr. Parrokkaran Binu |
| 8. Rev. Fr. Chalakkal Jose | 32. Rev. Fr. Payikkatt Sobin |
| 9. Rev. Fr. Chalissery Cyriac | 33. Rev. Fr. Pereppadan Jinto |
| 10. Rev. Fr. Chembakassery Antony | 34. Rev. Fr. Poopadi Thomas |
| 11. Rev. Fr. Chirayath Febin | 35. Rev. Fr. Poozhikkunnel Justin |
| 12. Rev. Fr. Chittilappilly Antony Sr. | 36. Rev. Fr. Poruthur Daijo |
| 13. Rev. Fr. Chittilappilly Shiju | 37. Rev. Fr. Puthur John |
| 14. Rev. Fr. Choondal Albin | 38. Rev. Fr. Puthur Leo |
| 15. Rev. Fr. Eluvathingal Frederick | 39. Rev. Fr. Thaliyaparambil Liril |
| 16. Rev. Fr. Eluvathingal Justin | 40. Rev. Fr. Thanikkal Denny |
| 17.Rev. Fr. Kadappuran Joby (Joseph) | 41. Rev. Fr. Thanikkal Lazar |
| 18. Rev. Fr. Kakkassery Thomas | 42. Rev. Fr. Thanikkal Paul |
| 19. Rev. Fr. Kanjirathingal Prinson | 43. Rev. Fr. Tharayil Demin |
| 20. Rev. Fr. Kundukulam Stishin | 44. Rev. Fr. Thazhath Jickson |
| 21. Rev. Fr. Kuthur Varghese | 45. Rev. Fr. Ukken Varghese |
| 22. Rev. Fr. Maliakkal Jijo | 46. Rev. Fr. Vadakkethala Midhun |
| 23. Rev. Fr. Mapranathukaran Shijo | 47. Rev. Fr. Valluppara Jeejo |
| 24. Rev. Fr. Maroky Jaison | 48. Rev. Fr. Vazhappilly Frajo |

**BATCH 6** (July 16-17, Tuesday-Wednesday)

1. Rev. Fr. Alappat Bastin
2. Rev. Fr. Chemmannur Libin
3. Rev. Fr. Cheradai Geo
4. Rev. Fr. Cheruvathur Chacko
5. Rev. Fr. Chiriyamkandath Prince
6. Rev. Fr. Chittilappilly Ajith
7. Rev. Fr. Chullikadan Joby
8. Rev. Fr. Edakkalathoor Varghese
9. Rev. Fr. Emmatty Jomon
10. Rev. Fr. Kanjirathingal Varghese
11. Rev. Fr. Kannanaickal Sajil
12. Rev. Fr. Kannanaikal Wilson
13. Rev. Fr. Kappilamnirappel Jijo
14. Rev. Fr. Karippery Varghese
15. Rev. Fr. Kattookaran Sijo
16. Rev. Fr. Kavalakkatt Seby
17. Rev. Fr. Kizhakkoodan Godwin
18. Rev. Fr. Kochupurackal Kuriakose (Shaji)
19. Rev. Fr. Kollannur Antony
20. Rev. Fr. Konikkara Jose, Jr.
21. Rev. Fr. Kundukulam Johnson
22. Rev. Fr. Kuzhikkattumyalil Sijohn
23. Rev. Fr. Mangattilayan Majo
24. Rev. Fr. Maroky Sajan
25. Rev. Fr. Marottickal Alex
26. Rev. Fr. Mullakkara Tijo
27. Rev. Fr. Mundenkurian Renny
28. Rev. Fr. Muringathery Jijo
29. Rev. Fr. Muringathery Jomon
30. Rev. Fr. Nayankara Prince
31. Rev. Fr. Nettikadan David
32. Rev. Fr. Panamkulam Davis
33. Rev. Fr. Pindiyan Paul
34. Rev. Fr. Pindiyan Sajan
35. Rev. Fr. Ponnary Nithin
36. Rev. Fr. Poruthur Joju
37. Rev. Fr. Pulikkan Siju
38. Rev. Fr. Pulikkottil Davis Jr.
39. Rev. Fr. Pulikkottil Davis Sr.
40. Rev. Fr. Puthiri Frango (Francis)
41. Rev. Fr. Puthur Prakash
42. Rev. Fr. Thacharattil Jacob
43. Rev. Fr. Thalakkottoor Shanto
44. Rev. Fr. Thattil Raphy
45. Rev. Fr. Thorayan Sinto (Chacko)
46. Rev. Fr. Vazhaparambil Clement
47. Rev. Fr. Vennattuparambil Joshy
48. Rev. Fr. Vithayathil Daveed

**BATCH 7** (July 17-18,Wednesday-Thursday)

1. Rev. Fr. Aloor Joju (George)
2. Rev. Fr. Ambooken Joseph (Noby)
3. Rev. Fr. Arackal Francis
4. Rev. Fr. Arimboor Johnson
5. Rev. Fr. Chazhoor Domini
6. Rev. Fr. Chemmannoor John Paul
7. Rev. Fr. Cherayath Davis, Jr.
8. Rev. Fr. Cheruvathoor George
9. Rev. Fr. Cheruvathoor Joyson

10. Rev. Fr. Cheruvathur Douglas
11. Rev. Fr. Chirayath Jeen
12. Rev. Fr. Chiriankandath Geo
13. Rev. Fr. Chiriyankandath Ginsen
14. Rev. Fr. Chiriyankandath Joju
15. Rev. Fr. Chittattukara Seby
16. Rev. Fr. Chittilappilly John
17. Rev. Fr. Keezhoorumuttikkal Manoj
18. Rev. Fr. Kolambrath Martin
19. Rev. Fr. Kunnappilly Tens
20. Rev. Fr. Kuttikottayil Mathew
21. Rev. Fr. Mangattilayan Jomon
22. Rev. Fr. Manjaly Binoy
23. Rev. Fr. Mundopuram Daison
24. Rev. Fr. Muringathery Joseph
25.Rev. Fr. Muthupeedika Raphael
26. Rev. Fr. Muttath Francis
27. Rev. Fr. Neelankavil Sinoj
28. Rev. Fr. Pallipurathukaran Geo
29. Rev. Fr. Panackal Joju
30. Rev. Fr. Parayil Shinto
31. Rev. Fr. Pavartikaran John
32. Rev. Fr. Peramangalam John (Jackson)
33. Rev. Fr. Ponparambil Bijoy
34. Rev. Fr. Poovathukkaran Joseph
35. Rev. Fr. Pulikottil Jaison
36. Rev. Fr. Thachoth Ajith
37. Rev. Fr. Thadathil Justin
38. Rev. Fr. Thanikkal Jomon
39. Rev. Fr. Thanissery Raphael
40. Rev. Fr. Tharakan Roger
41. Rev. Fr. Thattil Linson
42. Rev. Fr. Thattil Paulson
43. Rev. Fr. Thattil Trejin
44. Rev. Fr. Thekkumpuram Jaison
45. Rev. Fr. Vadakkan Sajan
46. Rev. Fr. Vazhappilly Bilju
47. Rev. Fr. Vazhappilly Francis Sr.
48. Rev. Fr. Vazhappilly Jibi

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

## JUNE 2024

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 4-6 | | | KCBC meeting @ POC |
| 7 | Fri | Morning | Deepika Apex Board @ Mount St. Thomas |
| | | Evening | Finance Council Meeting |
| 8 | Sat | Morning | Pastoral Council Meeting |
| | | Evening | Holy Mass, in memory of Servant of God Fr. Antony Thachuparambil @ Chelakkara |
| 9 | Sun | Evening | Vincent de Paul Meeting @ Kuriachira St. Joseph's School |
| 10 | Mon | Morning | Blessing of the house for poor @ Thayyur |
| | | | Jyothi Engg. College Governing Body Meeting @ Archbishop's House |
| 11 | Tue | Morning | Holy Mass @ Gurukulam, Thiru villwamala |
| | | Evening | Jubilee Mission Medical College Trust Meeting |
| 12 | Wed | Morning | Holy Mass @ Madona Minor Seminary |
| 14 | Fri | Afternoon | Institution Directors' Meeting |
| 16-18 | | | Visit to Pune (Episcopal Ordination) |
| 20 | Thu | Morning | Holy Mass @ Marymatha Major Seminary |
| | | | Consultors' Meeting |
| | | Afternoon | Presbyteral Council Meeting |
| 27 | Thu | | Priests' Conference |

# ENGAGEMENTS

**JUNE 2024**

## Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | Morning | LRC Meeting |
| | | Afternoon | Sangadana Ekopana Samithiyogam |
| | | Evening | Catechism Year Inauguration @ DBCLC |
| 2 | Sun | Morning | Holymass @ Chelakkara in memory of Servant of God Fr. Antony Thachuparambil |
| | | Evening | Holymass & Novena @ Kuzhikattussery |
| 3 | Wed | Morning | Holymass @ Animation Centre |
| | | Evening | Kooduthurakkal & Holymass @ Ollur Marymatha Church |
| 4- 6 | | | KCBC |
| 7- 30 | | | Chicago |

അപ്പസ്തോലൻമാരെ
അയയ്ക്കുന്നു

**അവർ പുറപ്പെട്ട്,**
**ഗ്രാമങ്ങൾതോറും**
**ചുറ്റിസഞ്ചരിച്ച് സുവിശേഷം**
**പ്രസംഗിക്കുകയും**
**എല്ലായിടത്തും രോഗശാന്തി ന**
**ൽകുകയും ചെയ്തു.**

**(ലൂക്കാ 9, 6)**



# നാളാഗമം

## ഏപ്രിൽ 2024

01. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കോലഴി നിർമ്മല പ്രൊവിൻഷ്യൽ ഹൗസിൽ മീഡിയ റൂം ഉദ്ഘാടനം ചെയ്തു.
02. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിക്കുകയും ഇടവകകളിൽ പരിശീലനത്തിനായി പോകുന്ന ഡീക്കന്മാരെ യാത്രയാക്കുകയും ചെയ്തു. അംഗപരിമിതർക്കും ആലംബഹീനർക്കുമായി 'മനുഷ്യ സ്നേഹി' കൂട്ടായ്മ' കുരിയച്ചറയിൽ വച്ചു സംഘടിപ്പിച്ച ഈസ്റ്റർ ആഘോഷങ്ങളിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോലഴി മരിയ ഭവൻ ജനറലേറ്റിൽ വി. കുർബാനയർപ്പിച്ച് നിത്യവ്രത വാഗ്ദാനത്തിനൊരുങ്ങുന്ന അർത്ഥികളുമായി അഭിമുഖം നടത്തി. അഭിവന്ദ്യ പിതാക്കന്മാർ ആർച്ച്ബിഷപ്പ് ഹൗസിൽ നടന്ന സാമ്പത്തിക സംരഭകരുടെ യോഗത്തിൽ പങ്കെടുത്തു.
03. കെ.സി.ബി.സി. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യ ത്തിൽ പി.ഒ.സി.യിൽ വച്ചു നടന്ന 'കാർ ബൺ ന്യൂട്രൽ പ്രോഗ്രാം'അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

    അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലോർ ഇടവകയിൽ

നാലാമത്തെ കുഞ്ഞിന് മാമ്മാദിസ നൽകി. ശേഷം തിരുബാലസഖ്യമക്കൾക്കായി ഡി ബി സി എൽ സി യിൽ സംഘടിപ്പിച്ച സ്പർശം എന്ന പ്രോഗ്രാ മിൽ പങ്കെടുത്തു. തുടർന്ന് ജ്യോതി എൻജിനിയറിംങ്ങ് കോളേ ജിലെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ശിലാസ്ഥാപനം നടത്തി. വൈകുന്നേരം പറോക്കിന്റെ നേതൃത്വത്തിലുള്ള യൂത്ത് ആനിമേഷൻ പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തു.

04. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

05. ഇൻഡോർ രൂപതാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ തോമസ് മാത്യു പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് ഡി ബി സി എൽ സിയിൽ എസ് എം സി സി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ വൈദികരുടെ യോഗത്തിൽ പങ്കെടുത്തു.

06. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന ബഹു. ഡേവീസ് പട്ടത്തച്ചന്റെ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മരിയാപുരത്ത് എം എം ബി സന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനൊരുക്കമായി വി. കുർബാനയർപ്പിച്ച് അവരോട് സംസാരിച്ചു.

06. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എഫ്. സി. സി. സന്യാസസമൂഹത്തിന്റെ വൈലത്തൂരുള്ള കോൺവെന്റ് വെഞ്ചിരിച്ച് വി. കുർബാനയർപ്പിച്ചു.

07. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ വെട്ടുകാട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും, അവിടെ പാവപ്പെട്ടവർക്കായി നിർമ്മിച്ചു നല്കുന്ന അഞ്ച് ഭവനങ്ങൾ വെഞ്ചിരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂക്കര ഇടവകയിൽ ബലിപീഠം കൂദാശചെയ്ത് വി. കുർബാനയർപ്പിച്ചു. വൈകുന്നേരം പഴുവിൽ ഇടവക ദൈവാലയത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുന്നാൾ കൊടിയേറ്റം നടത്തുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

08. ആബാ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന അല്മായ വചനപ്രഘോ

ഷകരുടെ കുടുംബസംഗമത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈലത്തൂർ ഇടവകയിൽ വി. കുർബാനയർപ്പിച്ച് തിരുന്നാളിനൊരുക്കമായി തിരുസ്വരൂപങ്ങൾ എഴുന്നള്ളിച്ചു. അതിനുശേഷം, ബിഷപ്പ് ഹൗസിൽ വെച്ച് നടത്തിയ വൈദിക പരിശീലകരുടെ യോഗത്തിലും പങ്കുചേർന്നു.

09. കണ്ടശ്ശാംകടവ് എസ്. എച്ച്. ഓഫ് മേരീസ് കോൺവെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. തൃശ്ശൂർ പൂരത്തോടനുബന്ധിച്ചുള്ള എക്സിബിഷനിലെ 'ACTS' ന്റെ പവലിയൻ ഉദ്ഘാടനം ചെയ്തു. ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് ഫിയാത്ത് മിഷൻ സംഘടിപ്പിച്ച മിഷൻ എക്സിബിഷന്റെ പവലിയനുകൾ വെഞ്ചിരിച്ചു. അൾത്താര ബാലസംഘാംഗങ്ങൾക്കായി ഡി.ബി.സി.എൽ.യിൽ നടത്തപ്പെട്ട നേതൃത്വപരിശീലന ക്യാമ്പിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സന്ദർശനം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ താളിക്കോട് എസ്. എ. ബി. കോൺവെന്റിൽ പ്രൊവിൻഷ്യൽ സിനാക്സിസിനൊരുക്കമായി വി. കുർബാനയർപ്പിച്ചു. ശേഷം സെന്റ് തോമസ് കോളേജിൽ ഗവേർണിംങ്ങ് ബോഡി മീറ്റിംങ്ങിൽ പങ്കെടുത്തു. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽ വെച്ച് നടന്ന അൾത്താര ബാലസംഘത്തിന്റെ മീറ്റിംങ്ങിൽ പങ്കെടുത്തു.

10. ഇന്ത്യയിലെ വിവിധ ഇടങ്ങളിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സി.എം.സി. സിസ്റ്റേഴ്സിനുവേണ്ടിയുള്ള സെമിനാർ വിമല കോളേജിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കോലഴി മരിയ ഭവനിൽ വച്ചുനടന്ന സി.എസ്.സി. സിസ്റ്റേഴ്സിന്റെ ജനറൽ സിനാക്സിസിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആലുവ എസ് എ ബി എസ് ജനറലേറ്റിൽവെച്ച് അർഥിനികളുടെ നിത്യവ്രതവാഗ്ദാനചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11. അഭിവന്ദ്യ പിതാക്കന്മാർ മേരിമാതാ മേജർ സെമിനാരിയിൽവെച്ച് നടത്തിയ ഇന്റർ കൂരിയ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം ഡി. ബി. സി. എൽ. സി.യിൽവെച്ച് ജൂനിയർ സി. എൽ. സി. കുട്ടികൾക്കായി നടത്തിയ ക്രിസ്റ്റ്യൻ ലൈഫ് എന്ന ക്യാമ്പിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

12. തൃശ്ശൂർ അതിരൂപതാ യുവജനധ്യാനത്തിന്റെ (Chosen 2024) ലോഗോ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് അതിരൂപതാ

കേന്ദ്രത്തിൽ വച്ചു പ്രകാശനം ചെയ്തു. ജൂനിയർ സി.എൽ.സി. അംഗങ്ങൾക്കായി ഡി ബി സി എൽ സിയിൽ നടത്തപ്പെട്ട നേതൃത്വപരിശീലന ക്യാമ്പിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സന്ദർശനം നടത്തി.

അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പോന്നോർ ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിക്കുകയും നവതിയാഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തലോർ, ജറുസലേം ധ്യാന കേന്ദ്രത്തിൽവെച്ച് ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടന്ന മിഷൻ കോൺഗ്രസ്സിൽ പങ്കെടുത്തു.

13. കാഞ്ഞിരത്തിങ്കൽ ബിനോയ് & ജിജി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മരിയാപുരം ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. തൃശ്ശൂർ പൂരത്തോടനുബന്ധിച്ചുള്ള എക്സിബിഷനിലെ 'ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പവലിയൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ, ഫാമിലി അപ്പസ്റ്റോലേറ്റിൽ നടത്തിയ 19-ാമത് പാസ്റ്റർ കൗൺസിലിൽ പങ്കെടുത്തു.

14. ഉച്ചയ്ക്ക് ങ്ങത്ത പ്രൊവിൻഷ്യൽ ഹൗസിന്റെ സിൽവർ ജൂബിലി വർഷാരംഭത്തോടനുബന്ധിച്ച് മരിയാപുരം MMB ഹൗസിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വി. കുർബാനയർപ്പിച്ചു.

വൈകീട്ട് ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് ഫിയാത്ത് മിഷൻ സംഘടിപ്പിച്ച മിഷൻ എക്സിബിഷന്റെ സമാപനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കുചേർന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, വേലൂപ്പാടം ഇടവകയിൽ വി. കുർബാനയർപ്പിച്ച് ഇടവകയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തിയ സി. എൽ. സി. ഫോർമേഷൻ ക്യാമ്പിൽ പങ്കെടുത്തു. വൈകുന്നേരം ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് സംഘടിപ്പിച്ച മാർ കുണ്ടുകുളം അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. ശേഷം നെടുപുഴ ഇടവകയിൽ ഇടവകദിനത്തിൽ പങ്കെടുത്തു.

15. പാലക്കാട് യുവക്ഷേത്രയിൽ വച്ച് പാലക്കാട് രൂപതാ അസംബ്ലി അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്ത. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വടൂക്കര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. വിൻസെന്റ് ഡി പോൾ സംഘടന ഒല്ലൂർ ഇടവകാതിർത്തിയിൽ

പണിതീർത്ത ഭവനം വെഞ്ചിരിച്ചു.

16. ചാണ്ടി ഡോ. നോബി & ഡോ. പൊന്നൂസ് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് ഡോളേഴ്സ് ബസിലിക്കയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നടത്തറ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. മുണ്ടൂർ നിർമ്മൽ ജ്യോതിയിൽ നടത്തിയ ഡി സി എൽ ന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സമ്മാനവിതരണം നടത്തി. വൈകുന്നേരം ജൂബിലി ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

17. അതിരൂപത ആലോചനസമിതിയോഗത്തിലും സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. കാച്ചേരി സെന്റ് മേരീസ് മൈനർ സെമിനാരിയിൽവെച്ച് നടന്ന സെലക്ഷൻ ക്യാമ്പിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വി. കുർബാനയർപ്പിച്ചു. ബൊൻ നത്താലെയുടെ ഭാഗമായി ചുലിശ്ശേരി ഇടവകാതിർത്തിയിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി.

18. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ മൈനർ സെമിനാരിയിലെ സെലക്ഷൻ ക്യാമ്പ് സന്ദർശിച്ച് ദിവ്യബലിയർപ്പിക്കുകയും ക്യാമ്പിലെത്തിയ കുട്ടികളെ അഭിമുഖം നടത്തുകയും ചെയ്തു.

    അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തിരുവമ്പാടി, പാറമേക്കാവ് ദേവസ്വം ഓഫീസുകൾ സന്ദർശിച്ച് തൃശ്ശൂർപൂരത്തിന്റെ ആശംസകൾ നേർന്നു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചേറ്റുപുഴ, നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ അർത്ഥിനികളുടെ സഭാവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികനായി. പാലക്കാട് രൂപതയുടെ അംസബ്ലിയിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകി.

19. തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് ACTS ന്റെ നേതൃത്വത്തിൽ സ്വരാജ് റൗണ്ടിൽ നടത്തിയ സൗജന്യ ഭക്ഷണവിതരണം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

    വൈകീട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വിശ്വാസ പരിശീലകർക്കായി ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന Basic Course ന്റെ ഒന്നാം ബാച്ചിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. വൈകുന്നേരം മേരിമാതാ മേജർ സെമിനാരിയുടെ എക്സിക്യുട്ടീവ് യോഗത്തിൽ പങ്കെടുത്തു.

20. റൊസാരിയൻ കോൺഗ്രിഗേഷനിലെ ഡീക്കൻ ജോഷി പെരി

ഞ്ചേരിയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ തലോർ ഇടവകയിൽ വച്ച് വൈദികപ്പട്ടം നല്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡി ബി സി എൽ സിയിൽ വെച്ച് സി. ടി. സി കോഴ്സിൽ പങ്കെടുത്തവർക്കുവേണ്ടി വി. കുർബാന യർപ്പിച്ചു. വൈകുന്നേരം പാവറട്ടി സെന്റ് ജോസഫ് ഇടവക തിരുന്നാളിന്റെ കൂടുതുറക്കൽ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മി കനായി.

21. കുമ്പളങ്ങാട് ഇടവകയുടെ സുവർണ്ണ ജൂബിലി സമാപനത്തോട് അനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൊഴുക്കുള്ളി ഇടവകയിലെ ഡീക്കൻ നിജോ മാളിയേക്കലിന്റെ തിരുപ്പട്ടദാനശുശ്രൂഷയിൽ മുഖ്യകാർമ്മി കനായി. വൈകുന്നേരം ആറ്റത്തറ ഇടവകയുടെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

22. രാവിലെ മണ്ണുത്തിയിൽ വച്ചുനടന്ന സമരിറ്റൻ സിസ്റ്റേഴ്സിന്റെ സിനാക്സിസിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന തൃശ്ശൂർ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന അസി. വൈദികരുടെ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നെല്ലങ്കര ഡിവൈൻ പ്രൊവിഡൻസ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. രാവിലെ അതിരൂപത വിവാഹ കോടതിയിലേക്ക് പുതിയതായി നിയമിത നായ റവ. ഫാ. റെജി തോമസ് ഞറളക്കാട്ടുക്കുന്നേലിന്റെ സത്യ പ്രതിജ്ഞയിൽ പങ്കുകൊണ്ടു. അതിനുശേഷം ഡി. ബി. സി. എൽ. സിയിൽ വെച്ച് നടത്തപ്പെട്ട യുവവൈദികരുടെ യോഗത്തിൽ മോഡറേറ്ററായി പങ്കെടുത്തു.

23. ഉച്ചകഴിഞ്ഞ് വെസ്റ്റ് ഫോർട്ട്നിർമലാലയത്തിൽ വച്ചുനടന്ന എസ്.എൽ.എം.ഐ. സിസ്റ്റേഴ്സിന്റെ സിനാക്സിസിൽ അഭി വന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെന്മണിക്കര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി.

24. രാവിലെ കൂർക്കഞ്ചേരിയിൽ വച്ചുനടന്ന സി.എസ്.സി. സിസ്റ്റേഴ്സിന്റെ സിനാക്സിസിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.

    ഉച്ചകഴിഞ്ഞ് ചിയ്യാരം ലേഡി വിക്ടറി കോൺവെന്റിലെ സി. ജോയ്സി ചിറ്റാട്ടുകര വൈദ്യക്കാരൻ സി.എം.സി. യുടെ മൃതസം സ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർ

മ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ മേരിമാതാ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അതിനുശേഷം സുവർണ്ണ ജൂബിലി നിറവിലായിരിക്കുന്ന കുരിയച്ചിറ സെന്റ് ജോൺ കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എടക്കളത്തൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

25. മാർ കുണ്ടുകുളം മെമ്മോറിയൽ ഗ്രേയ്സ് ഹോമിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപന യോഗം വൈകീട്ട്അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിങ്ങണ്ടൂർ ഗ്രേയ്സ് ഹോമിന്റെ ജൂബിലിയുടെ ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് കുമ്പളങ്ങാട് ഇടവകയിൽ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

26. അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ചരമവാർഷിക ദിനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും കുണ്ടുകുളം പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുളയത്ത് മർത്ത സന്യാസിനീസമൂഹത്തിൽ സഭാവസ്ത്രം സ്വീകരണം നടത്തുന്ന അർത്ഥി നികളുമായി അഭിമുഖം നടത്തി. വൈകുന്നേരം പറവട്ടാനി, മാർ അദ്ദായി ദൈവാലയത്തിൽ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

27. രാവിലെ തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിലെ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽവച്ച് തൃശ്ശൂർ അതിരൂപതയ്ക്കു വേണ്ടി വൈദികവസ്ത്രം സ്വീകരിക്കുന്ന വൈദികവിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി അഭിവന്ദ്യ പിതാക്കന്മാർ സംവദിച്ചു.

പാലയൂർ മഹാതീർത്ഥാടനത്തിന്റേയും 'ബോൺ നത്താലെ' യുടെയും അതിരൂപതാ കേന്ദ്രത്തിൽവച്ചു നടന്ന അവലോകന യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമ്മികനായി. വൈകുന്നേരം തൃശ്ശൂർ അതിരൂപതയിൽ വൈദികവസ്ത്ര സ്വീകരണം നടത്തുന്ന വൈദികവിദ്യാർ

ഥികളുടേയും അവരുടെ മാതാപിതാക്കളുടേയും യോഗത്തിൽ പങ്കെടുത്തു. അതിനുശേഷം, പാലയൂർ മഹാതീർത്ഥാടനത്തിന്റെ അവലോകന യോഗത്തിലും ബോൺ നത്താലെ അവലോകന യോഗത്തിലും പങ്കുചേർന്നു.

28. രാവിലെ മുണ്ടത്തിക്കോട് ഇടവകയിലെ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിക്കുകയും ഇടവകയിലെ അറയ്ക്കൽ ബെന്നി & അനു ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസ നടത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് ഡോളേഴ്സ് ബസിലിക്കയിൽ വച്ച് ലോഫ് സംഘടനയിലെ അംഗങ്ങൾക്കുവേണ്ടി അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും അവരുടെ വ്രതനവീകരണവും പുതിയ കുടുംബംങ്ങളുടെ വ്രതവാഗ്ദാനവും സ്വീകരിക്കുകയും ചെയ്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പഴയന്നൂർ ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമ്മികനായി. വൈകുന്നേരം, തൃശ്ശൂർ നിർമ്മല പ്രൊവിൻസിലെ സെന്റ് പോൾസ് കുരിയച്ചിറ, മഠാംഗമായ സി. കൊറോണ സി. എം. സിയുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

29. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ കോടന്നൂർ ഇടവക സന്ദർശിച്ച് ഡെയ്സൺ & ഡീന ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നല്കുകയും ബഹു. ഫാ. ആന്റണി ആലൂക്ക പകർത്തിയെഴുതിയ ഇംഗ്ലീഷ് ബൈബിൾ പ്രകാശനം ചെയ്യുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒളരിക്കര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

30. ഉച്ചകഴിഞ്ഞ് ചെമ്പൂക്കാവ് ഹോളി ഫാമിലി കോൺവെന്റിൽ വച്ച് സി. സിൻസി മേനാച്ചേരി സി.എച്ച്.എഫ്.ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമികത്വം വഹിച്ചു.

ബഹു. ഫാ. ആന്റണി തെക്കിനിയത്ത് വി.സി.യുടെ പൗരോഹിത്യ സുവർണ ജൂബിലിയോടനുബന്ധിച്ച് പുതുക്കാട് വച്ചു നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോടന്നൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി അർപ്പിച്ചു.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനി ഓർമ്മയാചരണം**

എടക്കുളത്തു നിന്നുള്ള നമ്പാടൻ ഷേർളി ബാബുവും കുടുംബവും ഏറ്റെടുത്ത് നടത്തിയ മെയ്മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത് തൃശൂർ അതിരൂപതാംഗവും നെല്ലങ്കര സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരിയും മേജർ സെമിനാരി അധ്യാപകനും സർവ്വോപരി ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെകുറിച്ച് പുസ്തകമെഴുതുകയും ചെയ്ത ബഹു. ബിൽജു വാഴപ്പിള്ളി അച്ചനായിരുന്നു. തൊടുപുഴയിൽ നിന്നുള്ള ഡീക്കൻ ജിതിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. ആദ്യാവസാനം തിരുകർമ്മങ്ങളിലെല്ലാം പങ്കുചേരുന്നതിന് നെല്ലങ്കരയിൽ നിന്നും വലിയൊരു ഗണം വിശ്വാസി സമൂഹവുമുണ്ടായിരുന്നു. ചൊവ്വന്നൂർ ഇടവകയിലെ മാതൃവേദി


അംഗങ്ങൾ ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകുകയും ചെയ്തു.

ബഹു. ബിൽജു അച്ചന്റെ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ: മെയ് മാസത്തിലെ രണ്ടാം ശനിയാചരണത്തിൽ നാം പങ്കെടുക്കുമ്പോൾ ധന്യനായ അഗസ്റ്റിനച്ചനുണ്ടായിരുന്ന, മറിയത്തോടുള്ള ഭക്തിയെകുറിച്ച്, പരിചിന്തനം നടത്തുന്നത് യുക്തമാണ്. വി. യോഹ. 19: 26–27 വാക്യങ്ങൾ ധന്യനായ ജോണച്ചന് ഏറെ പ്രിയപ്പെട്ടതായിരുന്നു. കാരണം ഈ വചനത്തിലൂടെയാണ് ഈശോ, തന്റെ അമ്മയെ മനുജകുലത്തിന്റെ മുഴുവൻ അമ്മയായി നൽകിയതും, മനുഷ്യരെ മുഴുവൻ അമ്മയുടെ മക്കളായി നൽകിയതും. 1880–1956 വരെ ദീർഘിച്ച ഈ പുണ്യപിതാവിന്റെ ജീവിതചക്രത്തിൽ, ശൈശവം മുതലേ ഈ വാക്കുകൾ ഹൃദയത്തിൽ എഴുതിയിടുവാനുള്ള സാഹചര്യം ദൈവമൊരുക്കി. മാതാപിതാക്കളുടെ വിയോഗം മൂലം തന്റെ ജീവിതത്തിന് അനാഥത്വം നൽകിയപ്പോൾ പരി. അമ്മയുടെ അരികത്താണ് അദ്ദേഹം അഭയം കണ്ടെത്തിയത്. അമ്മയോട് ചേർന്ന് നിന്നാൽ അമ്മയൊരിക്കലും കൈവിടില്ല. എന്ന ബോധ്യം അപ്പോൾ മുതലെ അദ്ദേഹത്തിൽ വളർന്നു. അതുകൊണ്ട് പരി. അമ്മയെ, അദ്ദേഹം ‘‘എന്റെ പ്രിയപ്പെട്ട മമ്മ’’ എന്നാണ് അഭിസംബോധന ചെയ്തത്.

1903 മെയ് 21-ാം തിയ്യതി ധന്യനായ അഗസ്റ്റിനച്ചൻ തന്റെ ഡയറിയിൽ ഇപ്രകാരം രേഖപ്പെടുത്തി: ‘‘ഈശോ ഇന്ന് എന്നോട് ഇപ്രകാരം പറയുന്നതായി എനിക്ക് അനുഭവപ്പെട്ടു. ഞാൻ നിന്നെ നിസഹായകനും അനാഥനുമായി വിടുകയില്ല. നിനക്ക് വേണ്ടി മാധ്യസ്ഥം വഹിക്കാൻ ഇവിടെ ഞാനുണ്ട്.’’ അമ്മയുടെ നേരെ തിരിഞ്ഞ് യേശു പറഞ്ഞു: ഇതാ, നിന്റെ മകൻ. അപ്പോൾ ഞാൻ എന്നെ പൂർണ്ണമായും അമ്മയ്ക്ക് സമർപ്പിച്ചു.’’ പ. അമ്മ ഊക്കനച്ചനെ സ്വീകരിക്കുകയും ചെയ്തു. അതിനെ തുടർന്ന് തന്റെ ജീവിതത്തിലുണ്ടായ ഓരോ പ്രതിസന്ധികളിലും ധന്യനായ അഗസ്റ്റിനച്ചന് സംരക്ഷണമായത് ഈശോ നൽകിയ ഈ അമ്മയായിരുന്നു. സാധാരണക്കാരുടെ വി. കുർബാനയെന്നറിയപ്പെടുന്ന ജപമാലയർപ്പണത്തിലൂടെയു മറ്റും പരി. അമ്മയുടെ വാത്സല്യത്തിന് അദ്ദേഹം പ്രതിസ്നേഹം കാണിക്കുകയും ചെയ്തു. നിത്യവും പ. അമ്മയോടൊപ്പം യാത്ര ചെയ്ത മേരി പുത്രനായിരുന്നു ഈ വത്സല പിതാവ്. ധന്യനായ ഊക്കനച്ചനോട് ചേർന്നു നിന്നുകൊണ്ട് നമുക്കും പരി. അമ്മയെ സ്നേഹിക്കാം; അമ്മയെ അനുകരിക്കാൻ ഞങ്ങളെ പഠിപ്പിക്കണെയെന്ന് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോട് മാധ്യസ്ഥം തേടാം.

ചൊവ്വന്നൂർ ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ക്രിസ്തീയജീവിതത്തെ മൂന്നു രംഗങ്ങളുള്ള ഒരു കഥാവിഷ്കാരമായി വിശുദ്ധ കുർബാനയിൽ കാണാമെന്ന് 'എന്റെ കുർബാന' എന്ന ഗ്രന്ഥം വ്യക്തമാക്കുന്നു. മനുഷ്യന്റെ ആദ്ധ്യാത്മിക ചരിത്രത്തിന്റെ മൂന്നു രംഗങ്ങളുമായി അവക്ക് സാമ്യമുണ്ട്. ദൈവദാസൻ അന്തോണിയച്ചൻ പിന്തുടർന്നിരുന്ന കുർബാന ദൈവശാസ്ത്രം പ്രധാനമായും ഈ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയായിരുന്നു.

**രംഗം 1. കാഴ്ചവെപ്പ്**

അപ്പവും വീഞ്ഞും വൈദികൻ കാഴ്ചവെക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം. സാമൂഹ്യജീവിതത്തിൽ ആദരവ് പ്രകടിപ്പിക്കാനും സൗഹൃദവും പരിഗണനയും സ്നേഹവും പ്രകടിപ്പിക്കാനും നാം സമ്മാനങ്ങൾ കൊടുക്കും. കുട്ടികൾ തങ്ങളുടെ അപ്പന് ജന്മദിനസമ്മാനം കൊടുക്കുന്നത് ഉദാഹരണമായി എടുക്കാം. അതി

ന്റെ ഭൗതികവില നോക്കിയല്ല സമ്മാനങ്ങൾ നല്കപ്പെടുന്നത്. സമ്മാനത്തിന് അർത്ഥമുണ്ട്. സന്ദേശമുണ്ട്. അത് ഒരു അടയാളമാണ്. തന്റെ ചിന്തകളും വിചാരങ്ങളും പ്രകടിപ്പിക്കാൻ മനുഷ്യൻ അടയാളങ്ങൾ ഉപയോഗിക്കുന്നു. സംസാരഭാഷകൾക്കു പുറമെ മറ്റ് അടയാളങ്ങളുമുണ്ട്. സംസാരിക്കപ്പെടുന്ന വാക്കുകളെക്കാൾ കൂടുതൽ ശക്തമായിരിക്കുക നിശബ്ദ ഭാഷയാണ്. ഒരു പുഞ്ചിരിയും ഹസ്തദാനവും അത്തരമൊരു അടയാളമാണ്. എന്താണ് ഈ അടയാളത്തിലേക്ക് നാം സന്നിവേശിപ്പിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ് അടയാളത്തിന് പ്രാധാന്യം വരുന്നത്. ശബ്ദമില്ലാത്ത ഒരു ഹസ്തദാനം ജീവിതകാലം മുഴുവൻ നീണ്ട വിശ്വസ്തതയെ സൂചിപ്പിക്കാം.

കുട്ടികൾ അപ്പന് സമ്മാനം കൊടുക്കുമ്പോൾ തങ്ങളുടെതന്നെ എന്തെങ്കിലും കൊടുത്തുകൊണ്ട് അവർ സ്വയം ദാനം സൂചിപ്പിക്കുന്നു. ആദരവും സ്നേഹവും കാണിക്കുന്നു. താൻ ശരിക്കും സ്നേഹിക്കപ്പെടുന്നില്ല എന്ന് പിതാവിനു തോന്നിയാൽ എത്ര വിലപിടിപ്പുള്ള സമ്മാനങ്ങളും അദ്ദേഹത്തെ സന്തോഷിപ്പിക്കില്ല. കാമ്പില്ലാത്ത, കാപട്യമാർന്ന ഒരു പ്രവൃത്തിയായി അദ്ദേഹം അതു കാണും. മക്കളിൽ ഒരാൾ കുടുംബത്തിന് അപമാനം എന്നിരിക്കട്ടെ. പിതാവു ചിലപ്പോൾ സമ്മാനങ്ങൾ നിരസിക്കും. അവിടെ യഥാർത്ഥ കൊടുക്കലില്ല. സമ്മാനം സ്വീകരിക്കപ്പെടുന്നതുവരെ കൊടുക്കൽ പൂർണ്ണമല്ല. സമ്മാനം സ്വീകരിക്കുന്നതുവഴി നാം അതു നല്കുന്നവനെ സ്വീകരിക്കുന്നു. സ്വീകരിക്കപ്പെട്ട സമ്മാനം ഐക്യത്തിന്റെ അടയാളമാകുന്നു. ഇതാണ് കാഴ്ചവെപ്പ് അർത്ഥമാക്കുന്നത്. അത് സ്നേഹം സ്നേഹത്തിനുവേണ്ടി യാചിക്കുന്നതാണ്. സമ്മാനത്തിലൂടെ ഒരുവൻ സ്വയം നല്കുന്നു. സമ്മാനത്തോടെ താൻ സ്വീകരിക്കപ്പെടാനാണത്.

മാനുഷികമായവ വിട്ട് ദൈവികമായതിലേക്ക് കടക്കാം. ദൈവത്തിന് നാം സമ്മാനങ്ങൾ നല്കുമ്പോൾ അതിന് അനശ്വരവും പൂർണ്ണവുമായ അർത്ഥം നല്കുന്നു. അവിടുന്നിലുള്ള നമ്മുടെ പൂർണ്ണമായ ആശ്രയത്വവും നമ്മുടെ മേലുള്ള അവിടുത്തെ പൂർണ്ണ അധീശത്വവും സവിശേഷമായി നാം ഏറ്റുപറയുന്നു. ദൈവത്തിന് മാത്രം നല്കുന്ന ഈ സമർപ്പണത്തെ 'ബലി' എന്ന് നാം വിളിക്കുന്നു.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. ബിജു ജോസഫ് ആലപ്പാട്ട് 01
ഫാ. വർഗ്ഗീസ് തരകൻ 01
ഫാ. ജിമ്മി എടക്കുളത്തൂർ 03
ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ 03
ഫാ. ജിജോ കപ്പിലാംനിരപ്പേൽ 06
ഫാ. അജിത്ത് ചിറ്റിലപ്പിള്ളി 07
ഫാ. തോമസ് എടക്കളത്തൂർ 07
ഫാ. ജിബിൻ താഴേക്കാടൻ 07
ഫാ. സ്റ്റാർസൻ കള്ളിക്കാടൻ 08
ഫാ. അജീഷ് പെരിഞ്ചേരി 08
ഫാ. ജിക്സൺ മാളോക്കാരൻ 09
ഫാ. പ്രിൻസ് നായങ്കര 09
ഫാ. നിതിൻ പൊന്നാരി 09
ഫാ. ആന്റോ പാണേങ്ങാടൻ 10
ഫാ. തോമസ് പൂപ്പാടി 12
ഫാ. ഷിജോ പള്ളിക്കുന്നത്ത് 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി ട്യ. 14
ഫാ. ജോബി പുത്തൂർ 16
ഫാ. ടോണി കാക്കശ്ശേരി 17
ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് 17
ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ 18
ഫാ. ഫെബിൻ കൂത്തൂർ 18
ഫാ. ജെയ്സൻ പഴയേടത്ത് 18
ഫാ. ടിന്റോ തലോണിക്കര 18
ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ 19
ഫാ. പോൾ ചാലിശ്ശേരി 20
ഫാ. നോബി അമ്പൂക്കൻ 22
ഫാ. പോൾ മാളിയമ്മാവ് 23
ഫാ. ഡേവിസ് തെക്കേക്കര 24
ഫാ. ദാവീദ് വിതയത്തിൽ 24
ഫാ. യേശുദാസ് നെടുമ്പാക്കാരൻ 25
ഫാ. ജേക്കബ് എടക്കളത്തൂർ 29




ഫാ. ജസ്റ്റിൻ തടത്തിൽ 01
ഫാ. ഫിജോ ആലപ്പാടൻ 13
ഫാ. ആന്റണി ആലുക്ക 13
ഫാ. ആന്റണി അമ്മുത്തൻ 13
ഫാ. ബാബു അപ്പാടൻ 13
ഫാ. സലീഷ് അറങ്ങാശ്ശേരി 13
ഫാ. സനോജ് അറങ്ങാശ്ശേരി 13
ഫാ. ആന്റണി ചെമ്പകശ്ശേരി 13
ഫാ. ലിബിൻ ചെമ്മണ്ണൂർ 13
ഫാ. ആന്റോ ചിറയത്ത് 13
ഫാ. ആന്റോ ചിരിയങ്കണ്ടത്ത് 13
ഫാ. അജിത്ത് ചിറ്റിലപ്പിള്ളി 13
ഫാ. അനീഷ് ചിറ്റിലപ്പിള്ളി 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി ഖ്യ. 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി ട്യ. 13
ഫാ. ജോയ് ചിറ്റിലപ്പിള്ളി ഖ്യ. 13
ഫാ. ആന്റോ എടക്കുളത്തൂർ 13
ഫാ. ആന്റോസ് എലുവത്തിങ്കൽ 13
ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ 13
ഫാ. സിജോ കാട്ടൂക്കാരൻ 13
ഫാ. സോണി കിഴക്കൂടൻ 13
ഫാ. ഡിക്സൺ കൊളമ്പ്രത്ത് 13
ഫാ. ജോയ് കൊള്ളന്നൂർ 13

| | |
|---|---|
| ഫാ ആന്റണി കൊള്ളന്നൂർ | 13 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 13 |
| ഫാ. ഫെക്സിൻ കൂത്തൂർ | 13 |
| ഫാ. ഫെബിൻ കൂത്തൂർ | 13 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 13 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 13 |
| ഫാ. ജിക്സൺ മാളോക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. സാജൻ മാറോക്കി | 13 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 13 |
| ഫാ. ആന്റണി മേച്ചേരി | 13 |
| ഫാ. ആന്റണി മേനാച്ചേരി | 13 |
| ഫാ. മേജോ മുത്തുപ്പീടിക | 13 |
| ഫാ. യേശുദാസ് നെടുമ്പക്കാരൻ | 13 |
| ഫാ. ആൻസൺ നീലങ്കാവിൽ | 13 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 13 |
| ഫാ. ആന്റോ പാണേങ്ങാടൻ | 13 |
| ഫാ. ബിനു പറോക്കാരൻ | 13 |
| ഫാ. ജിന്റോ പെരേപ്പാടൻ | 13 |
| ഫാ. സിജു പുളിക്കൻ | 13 |
| ഫാ. ആന്റോ രായപ്പൻ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. റോജർ തരകൻ | 13 |
| ഫാ. ആന്റണി തേക്കാനത്ത് | 13 |
| ഫാ. ഷാജു ഊക്കൻ | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ടോണി വാഴപ്പിള്ളി | 13 |
| ഫാ. പ്രിജോവ് വടക്കേത്തല | 19 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 24 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 24 |
| ഫാ. ഹാഡ്ലി നീലങ്കാവിൽ | 24 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 24 |
| ഫാ. ഷിന്റോ പാറയിൽ | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ജോൺ പേരാമംഗലം | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 24 |
| ഫാ. ജോൺ പുത്തൂർ | 24 |
| ഫാ. ഡെമിൻ തറയിൽ | 24 |
| ഫാ. പോൾ അറക്കൽ | 29 |
| ഫാ. പോൾ ചാലിശ്ശേരി | 29 |
| ഫാ. ഡഗ്ലസ് ചെറുവത്തൂർ | 29 |
| ഫാ. ജീൻ ചിറയത്ത് | 29 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 29 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജോമോൻ ഇമ്മട്ടി | 29 |
| ഫാ. പോൾ കള്ളിക്കാടൻ | 29 |
| ഫാ. പോൾ കാപ്പാനി | 29 |
| ഫാ. പോൾ കാട്ടൂക്കാരൻ | 29 |
| ഫാ. ജോയ്സൻ കോരെത് | 29 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 29 |
| ഫാ. പോൾ മാളിയമ്മാവ് | 29 |
| ഫാ. ബിനോയ് മഞ്ഞളി | 29 |
| ഫാ. ഷിന്റോ മാറോക്കി | 29 |
| ഫാ. പോൾ മുട്ടത്ത് | 29 |
| ഫാ. പോളി നീലങ്കാവിൽ | 29 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 29 |
| ഫാ. പോൾ പയ്യപ്പിള്ളി | 29 |
| ഫാ. പോൾ പേരാമംഗലത്ത് | 29 |
| ഫാ. വിൽസൺ പിടിയത്ത് | 29 |
| ഫാ. പോൾ പിണ്ടിയാൻ | 29 |
| ഫാ. പോൾ പുളിക്കൻ | 29 |
| ഫാ. സിജോ പുത്തൂർ | 29 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 29 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 29 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 29 |
| ഫാ. ജോമോൻ താണിക്കൽ | 29 |
| ഫാ. പോൾ താണിക്കൽ | 29 |
| ഫാ. ജെൻസ് തട്ടിൽ | 29 |
| ഫാ. പോൾസൺ തട്ടിൽ | 29 |
| ഫാ. പോൾ തേക്കാനത്ത് | 29 |
| ഫാ. സൈമൺ തേർമഠം | 29 |
| ഫാ. സിബിൻ ഊക്കൻ | 29 |
| ഫാ. ഫ്രേജോ വാഴപ്പിള്ളി | 29 |

## ചരമദിനങ്ങൾ

## DEATH DAY

| | |
|---|---|
| ഫാ. യോഹന്നാൻ വാഴപ്പിള്ളി | 06.06.1895 |
| ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ | 08.06.1914 |
| ഫാ. അലക്സാണ്ടർ കൈയ്യാലകം | 07.06.1934 |
| ഫാ. ജോർജ്ജ് ഊക്കൻ | 28.06.1945 |
| ഫാ. ജോസഫ് പുല്ലോക്കാരൻ | 24.06.1952 |
| ഫാ. ഫ്രാൻസിസ് എളങ്കുന്നപ്പുഴ | 26.06.1953 |
| ഫാ. തോമസ് പാനികുളം | 26.06.1953 |
| ഫാ. ആന്റണി തച്ചുപറമ്പിൽ | 09.06.1963 |
| ഫാ. ജോസഫ് വിതയത്തിൽ | 08.06.1964 |
| ഫാ. ജോസഫ് കല്ലിങ്കൽ | 18.06.1971 |
| ഫാ. തോമസ് മാളിയേക്കൽ | 28.06.1978 |
| ഫാ. പോൾ ചാലിശ്ശേരി | 26.06.1982 |
| ഫാ. ജോൺ കുറ്റിക്കാട്ട് | 25.06.1983 |
| ഫാ. പീറ്റർ ആളൂർ | 07.06.1990 |
| ഫാ. പോൾ ചാഴൂർ | 18.06.1993 |
| ഫാ. പോൾ മഞ്ഞളി | 20.06.1995 |
| മോൺ. എഫ്രേം പാലത്തിങ്കൽ | 14.06.1998 |
| ഫാ. അൽഫോൻസ് പുലിക്കോട്ടിൽ | 27.06.2011 |
| ഫാ. സിറിയക് മണ്ടുംപാല | 27.06.2014 |
| ഫാ. പോൾ വട്ടക്കുഴി | 30.06.2016 |
| ഫാ. പോൾ പുലിക്കോട്ടിൽ | 01.06.2021 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 09.06.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### ഏപ്രിൽ 2024

**1. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ്**

05.04.24ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ വടൂക്കര IFDF -ന്റെ നേതൃത്വത്തിൽ ആശ്വാസ് പ്രോഗ്രാം ആരംഭിച്ചു. 07.04.24ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ Fr. Shijo Kumminiyil CSSM -ന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സിന് വാർഷിക ധ്യാനം തുടങ്ങി. 14.04.24ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ സുപ്പീരിയേഴ്സിന്റെ കോൺഫ്രൻസ് നടത്തപ്പെട്ടു. 15.04.24 രാമനാഥപുരം രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ഫാ.ലിജോ, ഫരീദാബാദ് രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ഫാ.ജോസഫ് പാറേക്കാട്ടിൽ എന്നിവരും 18.04.24ന് രാമനാഥപുരം രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ഫാ.പോൾ പല്ലിശ്ശേരിയും സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. 16.04.24ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ലോക്സഭ ഇലക്ഷന് വേണ്ടിയുള്ള അഖണ്ഡ ജപമാലയജ്ഞം ഭവനതലത്തിൽ ആരംഭിച്ചു. 18.04.24ന് ഫാ.റാഫേൽ കോക്കാടൻ CMI യുടെ നേതൃത്വത്തിൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന് ധ്യാനം ആരംഭിച്ചു. 20.04.24ന് മണ്ണുത്തി സി.എച്ച്.എഫ് ജനറലേറ്റിൽ നടത്തിയ ലീഡർഷിപ്പ് പ്രോഗ്രാമിൽ സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും 39 സിസ്റ്റേഴ്സ് സംബന്ധിച്ചു. 21.04.24ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ കൊഴുക്കുള്ളി ഇടവകയിൽ നടത്തുന്ന Home mission ന് പോകുന്ന സിസ്റ്റേഴ്സിന് Fr. John Peramangalam ത്തിന്റെ നേതൃത്വത്തിൽ അഭിഷേക ആരാധന നടത്തുകയും അതിനു ശേഷം sisters -ഹോം മിഷനായി കൊഴുക്കുള്ളി ഇടവകയിലേയ്ക്ക് പോവുകയും ചെയ്തു. 22.04.24ന് കൊഴുക്കുള്ളി ഇടവകയിൽ വികാരി ഫാ.ബാസ്റ്റിൻ ആലപ്പാട്ടിന്റെ നേതൃത്വത്തിൽ നവജ്യോതി പ്രോവിൻസ് നടത്തുന്ന ഹോം മിഷന്റെ ഉദ്ഘാടനം സി.എച്ച്.എഫ് നവജ്യോതി വികാർ പ്രൊവിൻഷ്യൽ സി.ഷെറിൻ മരിയ നിർവഹിച്ചു. 05.05.24ന് സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ Fr. Rinto Puthussery CMI യുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിന് ധ്യാനം ആരംഭിച്ചു

## 2. CMC THRISSUR

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി നിർമിച്ച നിർമല മീഡിയ ഡിജിറ്റൽ റെക്കോർഡിങ് സ്റ്റുഡിയോ ഏപ്രിൽ 1 ന് അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ആശീർവാദകർമ്മം നടത്തി. ഏപ്രിൽ 1-7 തിയ്യതികളിൽ മുള്ളൂർക്കര കാർമൽ മൗണ്ട് കോൺവെന്റിൽ വെച്ച് ജൂനിയർ സിസ്റ്റേഴ്സിന് റവ. ഫാ. ജോസഫ് ഒ.സി.ഡി. ധ്യാനം നടത്തുകയുണ്ടായി. ഏപ്രിൽ 2-ാം തിയതി 30 ജൂനിയർ സിസ്റ്റേഴ്സ് വിശുദ്ധ കുർബാനയ്ക്കിടയ്ക്ക് കാനോനികവ്രതം ചെയ്തു. ഏപ്രിൽ 2 മുതൽ 5 വരെ തൃശൂർ ശാന്തിധാമിൽ വെച്ച് നടത്തിയ വൊക്കേഷൻ ക്യാമ്പിൽ 30 കുട്ടികൾ സംബന്ധിച്ചു. 6-ാം തീയതി മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറിന്റെ സംസ്കാര ചടങ്ങുകൾക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, അഭിവന്ദ്യ മാർ തോമസ് ഇലവനാൽ എന്നിവർ കാർമികത്വം വഹിച്ചു. ഏപ്രിൽ 7 മുതൽ 13 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വാർഷിക ധ്യാനത്തിൽ 66 സിസ്റ്റേഴ്സ് പങ്കെടുത്തു. കണ്ടശ്ശാങ്കടവ് എസ്. എച്ച്. ഓഫ്. മേരിസ് കോൺവെന്റിന്റെ Centenary Celebration അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ഏപ്രിൽ 9 ന് വിശുദ്ധ കുർബാനയോടുകൂടി സമുചിതം ഘോഷിച്ചു. 10-13 തിയതികളിൽ ജനറലേറ്റിന്റെ നേതൃത്വത്തിൽ വിമലാ കോളേജിൽ വെച്ച് നടത്തിയ Higher Edu. National level Management Development Program അതിരൂപത മെത്രാപോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു, സുപ്പീരിയർ ജനറൽ ബഹു. സി. ഗ്രെയ്സ് തെരേസ് അധ്യക്ഷപദം വഹിച്ചു. ജനറലേറ്റിന്റെ നേതൃത്വത്തിൽ Project GEMS ന്റെ 3 days camp കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽവെച്ച് നടത്തി. അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. വിവിധ പ്രൊവിൻസുകളിൽ നിന്നും മറ്റു സന്യാസസമൂഹങ്ങളിൽനിന്നുമായി 250 കുട്ടികൾ പങ്കെടുത്തു. ചൂണ്ടൽ സെന്റ്ജോസഫ്സ് കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം പ്രൊവിൻഷ്യൽ ടീമിന്റെ സാന്നിധ്യത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. സി.എം.സി. യുടെ സഹസ്ഥാപകനായ വന്ദ്യ ലെയോപോൾദ് പിതാവിന്റെ ചരമദിനമായ ഏപ്രിൽ 22 ന് പിതാവിന്റെ അനുസ്മരണാർത്ഥം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. പിതാവിന്റെ നന്മയുടെ ജീവിതം ചിത്രീകരിച്ചിരിക്കുന്ന ‘ഇന്ത്യയെ സ്നേഹിച്ച ഇറ്റാലിയൻ മിഷണറി’ എന്ന Documentary, CMC Vision YouTube Channel വഴി എല്ലാ സമൂഹങ്ങളിലും പ്രദർശിപ്പിച്ചു. തൃശൂർ സെന്റ് മേരിസ് കോളേജിന് Autonomous പദവി ലഭിച്ചു. പ്രൊ

വിൻഷ്യൽ ടീം അഭിനന്ദനങ്ങൾ നേർന്നു.

**3. എഫ്.സി.സി**

തൃശൂർ സെന്റ് ക്ലെയേഴ്സ് സ്കൂളിൽ വെച്ച് മെയ് 2-ാം തീയതി സന്യാസദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികൾക്കുവേണ്ടി ഒരു ഏകദിന സെമിനാർ നടത്തി. ഏപ്രിൽ 3-ാം തീയതി മുതൽ വിയ്യൂർ നിത്യസഹായമാതാ ഇടവകയിൽ രണ്ടാം വർഷ നോവിസസ് ഒരു മാസത്തെ എക്സ്പോഷർ പ്രോഗ്രാമിനായി പോയി. ഏപ്രിൽ 3, 4 തീയതികളിൽ വചനാമൃതം ടീമിന്റെ നേതൃത്വ ത്തിൽ ചെമ്മണ്ണൂർ ഇടവകയിൽ മതബോധന വിദ്യാർത്ഥികൾക്കായി Intensive Catechesm ക്യാമ്പ് നടത്തി. പുനരുദ്ധരിച്ച വൈലത്തൂർ സേക്രഡ്ഹാർട്ട് കോൺവെന്റിന്റെ വെഞ്ചരിപ്പുകർമ്മം ഏപ്രിൽ 6-ാം തീയതി രാവിലെ 10.30ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു.

തൃശൂർ അതിരൂപത ദൈവവിളി വാരമായി ആചരിക്കുന്നതിന്റെ ഭാഗമായി അസ്സീസി പ്രോവിൻസിന് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന ഏപ്രിൽ 6-ാം തീയതി എല്ലാ ഭവനങ്ങളിലും 1 മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിച്ചു. ഏപ്രിൽ 7 മുതൽ 17 വരെ ബ്രഹ്മകുളം ഹോളി ഫാമിലി ഭവനത്തോടു ചേർന്നുള്ള സെന്റ് ജോസഫ് ബോർഡിംഗിൽ 10 ദിവസത്തെ ദൈവവിളി ക്യാമ്പ് നടത്തി. ഏപ്രിൽ 9 മുതൽ മെയ് 11 വരെ തിരൂർ സീയോൻ റിന്യുവൽ സെന്ററിൽ വെച്ച് ജനറൽ തലത്തിൽ നടക്കുന്ന സിൽവർ ജൂബിലി കോഴ്സിൽ അസ്സീസി പ്രോവിൻസിലെ 13 സിസ്റ്റേഴ്സ് സംബന്ധിച്ചു. Great Gathering of Mission ന്റെ ഭാഗമായി ജറുസലേം ധ്യാനകേന്ദ്രത്തിൽ വെച്ച് ഏപ്രിൽ 11-ാം തീയതി നടത്തിയ Sisters Vocation Promotion Day-ൽ ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടന്ന വചന പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ സി. ജെസ്‌ലിൻ റോസ് 20,000/- രൂപയുടെ ക്യാഷ് അവാർഡും, മൂന്നാം സ്ഥാനം നേടിയ സി. ഗിഫ്റ്റി പോൾ 10,000/- രൂപയുടെ ക്യാഷ് അവാർഡും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് കരസ്ഥമാക്കി.

ഏപ്രിൽ 13 -ാം തീയതി തൃശൂർ അതിരൂപതയുടെ മിഷൻ സെന്റർ ആയ ആന്ധ്രമിഷനിൽ സേവനം ചെയ്യുന്നതിനായി സി. ഗ്ലോറിയ ജീസ്, സി. ലിറ്റിൽ ട്രീസ, സി. ഷീബ റോസ് എന്നിവർ പോയി. ഏപ്രിൽ 14 മുതൽ 20 വരെ അസ്സീസിയിൽ വെച്ച് റവ. ഫാ. ജെയിൻ OFM Cap ന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. ഏപ്രിൽ 20-ാം തീയതി മായന്നൂർ ക്ലെയർ ഹോം ഭവനത്തിൽ വച്ച് നടത്തിയ ഉപവാസ പ്രാർത്ഥനാസമ്മേളനം നടത്തി. ഏപ്രിൽ 24-ാം തീയതി 75 വയസ്സിനും അതിനുമുകളിലും പ്രായമുള്ള നമ്മുടെ സിസ്റ്റേഴ്സിന്

അസ്സീസിയിൽ വെച്ച് നടത്തിയ Gathering -ൽ 79 പേർ പങ്കെടുത്തു. ഏപ്രിൽ 27-ാം തീയതി മുതൽ ജൂനിയർ സിസ്റ്റേഴ്സിനായുള്ള ഒരു മാസത്തെ റിഫ്രഷർ കോഴ്സ് കണ്ണാറ ക്ലെയർജ്യോതി കോൺവെന്റിൽ ആരംഭിച്ചു.

**4. സി.എസ്.സി**

2024 ഏപ്രിൽ 21 ന് ജൂനിയർ സിസ്റ്റേഴ്സ് ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം ചെയ്തു. ഏപ്രിൽ 22 മുതൽ 26 വരെ തൃശ്ശൂർ മരിയ പ്രവിശ്യയുടെ 11-ാം സാധാരണ പ്രൊവിൻഷ്യൽ സിനാക്സിസ് ചർച്ചാ സമ്മേളനം കൂർക്കഞ്ചേരി പ്രവിശ്യാ ഭവനത്തിൽ വച്ച് നടത്തി. രാമനാഥപുരം രൂപതയിൽ നിന്നുള്ള നവവൈദികർക്ക് പ്രവിശ്യാ ഭവനത്തിൽ ഹൃദ്യമായ സ്വീകരണം നൽകുകയും സമൂഹബലി അർപ്പിക്കുകയും ചെയ്തു. മെയ് 11ന് സിസ്റ്റേഴ്സിന്റെ സ്ഥലമാറ്റം നടന്നു. ജൂൺ 1 മുതൽ 6 മാസത്തേക്ക് കടങ്ങോട് ഇടവകയിൽ CSC സഹവാസം എന്ന പേരിൽ 3 സിസ്റ്റേഴ്സ് താമസിച്ചുള്ള ഹോം മിഷൻ ആരംഭിക്കുന്നു.

## ആദരാഞ്ജലികൾ



05.04.2024 സി.എം.സി. കണിമംഗലം സെന്റ് ജോർജ്സ് മഠാംഗമായ സി. ഓമർ (മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ-77) നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത മെത്രാപോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, അഭിവന്ദ്യ മാർ തോമസ് ഇലവനാൽ എന്നിവരുടെ കാർമ്മികത്വത്തിൽ സംസ്കാര ചടങ്ങുകൾ നടത്തി.



സി.എം.സി. ചിയ്യാരം ലേഡിവിക്ടറി മഠാംഗമായ സി. ജോയ്സി (86) 23.04.2024 ന് ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



സി.എം.സി. സെന്റ് പോൾസ് കുരിയച്ചിറ ഭവനാംഗമായ സി. കൊറോണ (91) 28.04.2024 ന് നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



സി.എം.സി. തൃശൂർ കൃപാതീർഥം ഭവനാംഗമായ സി. വിനീത (83) 30.04.2024 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മങ്ങൾ നിർവഹിച്ചു.



സി.എം.സി. സെന്റ് പോൾസ് കുരിയച്ചിറ ഭവനാംഗമായ സി. ബാസിം (80) 30.04.2024 ന് നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



തൃശ്ശൂർ ചെമ്പൂക്കാവ് ഹോളി ഫാമിലി കോൺവെന്റ് ഭവനാംഗമായ സി.സിൻസി മേനാച്ചേരി CHF (62) 30.04.24ന് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരകർമ്മം മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ തൃശ്ശൂർ ചെമ്പുക്കാവ് ഹോളി ഫാമിലി കോൺവെന്റിൽ വച്ച് നടത്തപ്പെട്ടു.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

അവധിയൊക്കെ കഴിഞ്ഞ് സ്കൂൾകാലം ആരംഭിച്ചല്ലോ. എല്ലാവർക്കും നന്മകൾ നിറഞ്ഞ ഒരു അധ്യയനവർഷം ആശംസിക്കുന്നു.

നിങ്ങൾക്കറിയാവുന്നതുപോലെ ജൂൺമാസം ഈശോയുടെ തിരുഹൃദയ വണക്കത്തിന് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട മാസമാണ്. ഈശോയുടെ തിരുഹൃദയ പ്രതിഷ്ഠ എല്ലാദിവസവും നിങ്ങളുടെ വീടുകളിൽ ചൊല്ലുന്നുണ്ടായിരിക്കുമല്ലോ. പ്രത്യേകമായി ജൂൺമാസത്തിൽ ഈശോയുടെ തിരുഹൃദയ വണക്കമാസത്തിന്റെ പ്രാർത്ഥനകൾ കൂടി ചൊല്ലാൻ മറക്കരുത്. നിങ്ങളും നിങ്ങളുടെ ഭവനവും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ആ പരിശുദ്ധ ഹൃദയത്തിന് ചേരാത്ത ഒന്നും നിങ്ങളുടെ ജീവിതത്തിലോ വീടുകളിലോ ഉണ്ടാകാൻ പാടില്ല. മാത്രവുമല്ല, നിങ്ങളെ ഒരുപാട് സ്നേഹിക്കുന്ന ഈശോയുടെ തിരുഹൃദയത്തോട് നിങ്ങൾ ഹൃദയംതുറന്ന് സംസാരിക്കണം. സന്തോഷവും സങ്കടവുമൊക്കെ ഉണ്ടാകുന്ന സമയങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനടുക്കലേക്ക് ഓടിച്ചെല്ലാനും, എല്ലാം തുറന്നു സംസാരിക്കാനും മറക്കരുത്.

എന്റെ പ്രിയ കുഞ്ഞുമക്കളേ, പഠനകാര്യങ്ങളിൽ ഉത്സാഹം കാണിക്കുക. എല്ലാ ദിവസവും പഠിക്കാനിരിക്കുന്നതും, ഹോം വർക്കുകളും മറ്റും ചെയ്യുന്നതും, പരീക്ഷകൾക്ക് ഒരുങ്ങുന്നതുമൊക്കെ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണെന്ന് എനിക്കുമറിയാം. പക്ഷേ, സങ്കീർത്തനത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ: കണ്ണീരോടെ വിതയ്ക്കുന്നവർ ആനന്ദഘോഷത്തോടെ കൊയ്യട്ടെ! (സങ്കീ. 126: 5). അതായത് വിത്ത് വിതയ്ക്കുന്നതും അതിനെ പരിപാലിക്കുന്നതും ബുദ്ധിമുട്ടുള്ള കാര്യങ്ങളാണെങ്കിലും അതിന്റെ ഫലം കൊയ്തെടുക്കുമ്പോഴുള്ള സന്തോഷം വളരെ വലുതാണ്. അതുപോലെത്തന്നെ, എല്ലാദിവസവും നന്നായി പഠിക്കുക എന്നത് ബുദ്ധിമുട്ടേറിയ കാര്യംതന്നെയാണ്. ചിലപ്പോൾ ഒരുപാടുസമയം കളിക്കാൻ പറ്റില്ലായിരിക്കാം; സിനിമ

ഒഴിവാക്കേണ്ടിവരും; സന്തോഷമുള്ള പലതും വേണ്ടെന്നുവയ്ക്കേണ്ടിവരും. എന്നാൽ അങ്ങനെ പഠിച്ച് പരീക്ഷയിൽ നല്ല മാർക്ക് ലഭിക്കുമ്പോൾ എന്ത് സന്തോഷമായിരിക്കും! അതുകൊണ്ടു മടികൂടാതെ നന്നായി പഠിക്കുക.

നിങ്ങളുടെ ക്ലാസ്മുറികൾ പഠനത്തിനുള്ള ഇടങ്ങൾ മാത്രമല്ല കൂട്ടുകൂടാനുള്ളവ കൂടിയാണ്. നിങ്ങൾക്കും ധാരാളം കൂട്ടുകാർ ഉണ്ടായിരിക്കട്ടെ. എല്ലാവരും ഒരുപോലെ ആയിരിക്കില്ല എന്നു നിങ്ങൾക്കറിയാമല്ലോ. ഓരോരുത്തരുടെയും കഴിവുകളും, സ്വഭാവവും, കുടുംബവും, വിശ്വാസവുമൊക്കെ വ്യത്യാസമുണ്ടായിരിക്കും. എന്നാൽ നന്മ ചെയ്യുന്നതിലും കൂട്ടുകൂടുന്നതിലും വ്യത്യാസങ്ങൾ തടസ്സമാകാതിരിക്കട്ടെ. ഈശോ പറഞ്ഞത് ഓർക്കുക: മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5: 16). ഏവർക്കും വിജയാശംസകൾ നേർന്നുകൊണ്ട് നിർത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

പുതിയ അധ്യയനവർഷത്തെ പ്രതീക്ഷയോടെ നമുക്ക് വരവേൽക്കാം. നവാഗതർക്ക് ഹൃദയപൂർവ്വം സ്വാഗതം നേരുന്നു. തിരുഹൃദയഭക്തി കൊണ്ടാടുന്ന ഈ മാസത്തിൽ ഈശോയിൽ നിന്ന് നമുക്ക് പഠിക്കാം. പുതിയ അധ്യയനവർഷം അനുഗ്രഹപ്രദവും അനുഭവസമ്പന്നവുമാകട്ടെ എന്ന് എല്ലാ അധ്യാപകരോടും വിദ്യാർത്ഥികളോടും ആശംസിക്കുന്നു.

### I. Sunday Catechism

**1. വിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

ജൂൺ 1 ന് വൈകിട്ട് 5 മണിക്ക്  ഡി ബി സി എൽ സി യിൽ

**2. പ്രവേശനോത്സവം**

ജൂൺ 2 ന് യൂണിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുന്നു. കുട്ടികളുടെ പ്രതിജ്ഞ, അധ്യാപകരുടെ പ്രതിജ്ഞ എന്നിവ നടത്തേണ്ടതാണ്.

**3. പ്രബോധനവിഷയവും പ്രവർത്തനമേഖലയും**

പുതിയ അധ്യയനവർഷത്തിലെ പ്രബോധനവിഷയവും പ്രവർത്തനമേഖലയും 'ആബാ വർഷം- കുടുംബകേന്ദ്രീകൃത വിശ്വാസ പരിശീലനം' എന്നതായിരിക്കും. വിശ്വാസപരിശീലനത്തിൽ കുടുംബത്തിന്റെയും മാതാപിതാക്കളുടേയും പങ്ക്

**4. ആനിമേറ്റേഴ്സ് കോഴ്സ്**

ജൂൺ 23 – സ്പിരിചൽ മിനിസ്ട്രി, ടാലന്റ് മിനിസ്ട്രി, സോഷ്യൽ മിനിസ്ട്രി

കാലത്ത് 9.30 am മുതൽ 4 pm വരെ ഡിബിസിഎൽ സി യിൽ വച്ച് നടത്തുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാർ അതത് ദിവസം കോഴ്സിൽ പങ്കെടുക്കേണ്ടതാണ്. എല്ലാ യൂണിറ്റുകളിൽ നിന്നും ആനിമേറ്റേഴ്സ് പങ്കെടുക്കേണ്ടതാണ്.

**5. അഭിനന്ദനങ്ങൾ**

കഴിഞ്ഞ അധ്യയനവർഷത്തിൽ വിശ്വാസപരിശീലനത്തിൽ ജേതാക്കളായവർക്കും കൂടുതൽ മികവോടെ സമ്മാനങ്ങളും റാങ്കുകളും നേടിയവർക്കും അവരെ പരിശീലിപ്പിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

**6. പാഠപുസ്തകവിതരണം – 2024 മെയ് 27 മുതൽ**

2024 മെയ് 27 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങും. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ എക്സൽ ഫോർമാറ്റിൽ ഉള്ള ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻ വരുന്നതിന് ഒരാഴ്ച്ച മുമ്പ് ഇമെയിൽ catechismtrichur@gmail.com വഴി അയച്ചിരിക്കണം. ഓർഡർ ഫോം വാട്സാപ്പ് ഗ്രൂപ്പിൽ നിന്നും വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും, ഡൗൺലോഡ് ചെയ്യാവുന്നതാണ്. എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് മെയിൽ ചെയ്യേണ്ടതാണ്. ഓർഡർ ഫോം ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടു

പോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം ഓൺലൈനായി പണമടക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് ബാങ്ക് ഡീറ്റെയ്ൽസ്, ഝഞ ഈറല ഓർഡർ ഫോമിൽ തന്നെ കൊടുത്തിട്ടുണ്ട്. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ  ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

**7. 2024 –2025 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക**

| Std. | (Mala.) | (Eng) |
|---|---|---|
| I | 40 | 40 |
| II | 40 | 40 |
| III | 40 | 40 |
| IV | 45 | 40 |
| V | 45 | 45 |
| VI | 45 | 45 |
| VII | 45 | 45 |
| VIII | 45 | 45 |
| IX | 47 | 45 |
| X | 47 | 45 |
| XI | 47 | 50 |
| XII | 45 | 45 |

ബൈബിൾ സ്റ്റഡി 15 രൂപ, മലയാളം ഉപപാഠ പുസ്തകങ്ങൾ 10 രൂപ ഇംഗ്ലീഷ് ഉപപാഠം 4–ാം ക്ലാസ്സുമുതൽ 6–ാം ക്ലാസ്സു വരെ 10 രൂപ, 7 മുതൽ 12 വരെ 15 രൂപ.

**8. Catechism Software**

ജൂൺ 1 മുതൽ 4 വരെയുള്ള തിയതികളിൽ സ്റ്റാഫ് അംഗങ്ങളുടെ ഡാറ്റ കൃത്യമാക്കൽ, ജൂൺ 18 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ കുട്ടികളുടെ അഡ്മിഷൻ സംബന്ധമായ കാര്യങ്ങളുടെ പൂർത്തീകരണം, അധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ എന്നിവ സോഫ്റ്റ് വെയറിൽ പൂർത്തിയാക്കേണ്ടതാണ്.

വിശ്വാസപരിശീലന യൂണിറ്റുകളിലെയും വിശ്വാസപരിശീലന കേന്ദ്രത്തിലെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള Catechism Software അപ്ഡേഷൻ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ

പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. പുതിയ വിവരങ്ങൾ ഉടനടി ചേർക്കുക: വിദ്യാർഥികളോ അധ്യാപകരോ പുതിയതായി ചേരുമ്പോൾത്തന്നെ ആവശ്യമായ മുഴുവൻ ഡാറ്റയും ശേഖരിക്കുകയും ഉടൻതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്യുക.

2. മുമ്പ് ചേർത്തിട്ടുള്ള വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉടനെ തന്നെ സോഫ്റ്റ് വെയറിലെ ഡാറ്റയിലും വരുത്തുക (ഉദാ: അഡ്രസ്, ഫോൺ നമ്പർ, ക്ലാസ്സ്, ഡിവിഷൻ, അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ)

3. ഹാജറുകൾ ഓരോ ടേമിലേയും സമയത്തിനു തന്നെ പൂർത്തിയാക്കുക

4. പരീക്ഷാഫലങ്ങൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചിതതിയതിക്കകം ചേർക്കുക.

5. വിശ്വാസപരിശീലനയൂണിറ്റിലെ എല്ലാക്കാര്യങ്ങളുടെയും ഏറ്റവും പുതുക്കിയതും പൂർണ്ണവുമായ ഡാറ്റ ലഭിക്കത്തക്കവിധം സോഫ്റ്റ് വെയർ Up-to-date ചെയ്തുകൊണ്ടിരിക്കുക.

## 9. Basic CTC Course


ഏപ്രിൽ 19–21, 26–28, മെയ് 3–5 തിയതികളിലായി നടന്നു. 249 പേർ മൂന്നു ബാച്ചിലുമായി പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## 10. Advanced CTC

മെയ് 7, 14 തിയതികളിലായി Advanced CTC Course ഡി ബി സി എൽ സി യിൽ നടന്നു. 25 പേരോളം പങ്കെടുത്തു. രണ്ട് ദിവസങ്ങളിലും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## 11. ACC Rank

അമ്മാടം വിശ്വാസപരിശീലന യൂണിറ്റിലെ സോന പി. എസ് എസിസി രണ്ടാംറാങ്ക് പങ്കിട്ടിരിക്കുന്നു. സോനക്ക് അഭിനന്ദനങ്ങൾ.



**12. Scholarship Rank List**

**Class : IV**

| RANK | NAME | UNIT |
|---|---|---|
| 1 | JOVANA BABU | VELUTHUR |
| 2 | TESS ROSE | PUNKUNNAM |
| 3 | EMMA ROSE NIJU | KURIACHIRA |
| 4 | DEON RIJO | KURIACHIRA |
| 5 | ALFRED VARGHESE | THORAVU |

**Class : VII**

| | | |
|---|---|---|
| 1 | ANIKA RUTH | AMALA NAGAR |
| 2 | HELEN ROSE | PERINGAD |
| 3 | ANN MARIYA SHONY | OLLUR |
| 4 | ABHIMAEL BABY | NADATHARA |
| 5 | ANN MARY K L | PARAVATTANI |

**Class : X**

| | | |
|---|---|---|
| 1 | ANLIYA P L | PANAMUCK |
| 2 | ANGEL MARIA M T | KOONAMMOOCHY |
| 3 | ROSE MARIYA P J | KARAMUCK NORTH |
| 4 | ANN MARIA BABY | NADATHARA |
| 5 | HELENA PRAVEEN | PUDUKAD |

## II. Daily Catechism

**1. സ്കൂൾ കാറ്റക്കിസം & മോറൽ സയൻസ് ക്ലാസ്സുകൾ**

സ്കൂൾ കാറ്റക്കിസം & മോറൽ സയൻസ് ക്ലാസ്സുകൾ ജൂൺ ആദ്യ വാരത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
(Phone : 0487- 2333245, Mob : 9188131341)

**1. B.A. in Theology and Religious Studies (Three Years)**

- സെക്കന്റ്സെമസ്റ്ററിലെ Exams നടന്നു
- പുതിയ ബാച്ച് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.

**2. Certificate Course in Theology (One Year)**

- മേയ് 05 ന് സ്നേഹത്തിന്റെ കൂദാശ (Rev. Fr. Bastian Punoliparabil), മേയ് 12 ന് ദൈവവചനം വചനവ്യാഖ്യാനം (Rev. Dr. Davis Panakkal CMI, Rev. Dr. Sr. Mary Juliet Mandumpala CMC) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.
- പുതിയ ബാച്ച് ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. അഡ്മിഷന് ഓഫീസുമായി ബന്ധപ്പെടുക.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിച്ചിരിക്കുന്നു. സന്യസ്തർക്കു മാത്രം.

**4. Basic Bible Course (BBC)**

- മേയ് മാസം ക്ലാസ്സ് നയിച്ചവർ Rev. Dr. Dijo Olakkengil, Sri. Joseph Tharakan
- മേയ് 12 ന് ബൈബിൾ സെമിനാർ നടന്നു. ക്ലാസ്സുകൾ നയിച്ചത് Rev. Dr. Davis Panakkal CMI, Rev. Dr. Sr. Mary Juliet Mandumpala CMC
- മേയ് 12, നും ജൂൺ 02 നും Developmental Psychology (Rev. Dr. Paul Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സുകൾ നടന്നു.

**5. Certificate Course in Sacred Liturgy**

- വി. കുർബാനയെകുറിച്ച് പുതിയൊരു Certificate Course ജൂൺ മാസത്തിൽ ആരംഭിക്കുന്നു.
- ഒരു വർഷത്തെ കോഴ്സ്.
- വി. കുർബാനയെകുറിച്ച് 24 വിഷയങ്ങൾ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

## Excel Foundation Course

2024 ജൂൺ 8–ാം തിയതി ശനിയാഴ്ച്ച ആരംഭിക്കുന്ന Excel Foundation Course (8th std. to 12th std) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ഏപ്രിൽ 15–ാം തിയതി ആരംഭിച്ചു. ഇടവകതലത്തിലും, സ്കൂൾ തലത്തിലും നടത്തിയ Excel Excellence Exam ൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് Excel Foundation Course ൽ അഡ്മിഷൻ എടുക്കാവുന്നതാണ്. പരീക്ഷയിൽ ഫസ്റ്റ്, സെക്കന്റ്, തേർഡ് കരസ്ഥമാക്കിയവർക്ക് ഫീസിൽ ഇളവ് ഉണ്ടായിരിക്കും. പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒരു ഇന്റർവ്യൂവിനുശേഷം ഈ കോഴ്സിൽ ചേരാവുന്നതാണ്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും, വെക്കേഷനുകളിലും, പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. സയൻസ്, സിവിൽ സർവ്വീസ്, പബ്ലിക്ക് സ്പീക്കിംഗ്, ഡിഫൻസ് സർവ്വീസ് കോഴ്സ് മുതലായ വിഭാഗങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

## K-TET (Kerala Teachers eligibility Test)

K-TET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ 16–ാം തിയതി ആരംഭിച്ചു. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനേഴാമത്തെ ബാച്ചാണ് ആരംഭിച്ചിട്ടുള്ളത്. അഡ്മിഷൻ തുടരുന്നു.

## ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം

(Coaching Centre for Minority Youth)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

## സിവിൽ സർവ്വീസ് കോഴ്സ്

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ്, ഡെയ്‌ലി ബാച്ച് കോഴ്സു

കളുടെ പുതിയ ബാച്ച് ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9847276657/ 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ടൂറിസം വകുപ്പിന്റെ പരമോന്നത അംഗീകാരം**

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ആയൂർ ഡയമണ്ട് ക്ലാസിഫിക്കേഷൻ ലഭിച്ചു. സംസ്ഥാന ടൂറിസം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ അവശ്യ വ്യവസ്ഥകളും പാലിക്കുന്ന ആയൂർവേദ ആശുപത്രികൾക്ക് നൽകുന്ന ഏറ്റവും ഉയർന്ന അംഗീകാരമാണ് ആയൂർ ഡയമണ്ട് സർട്ടിഫിക്കേഷൻ. ആശുപത്രി നൽകുന്ന ചികിത്സയുടെയും സേവനങ്ങളുടെയും ഗുണനിലവാരം അടിസ്ഥാനമാക്കിയാണ് ആയൂർ ഡയമണ്ട് അംഗീകാരം നൽകുന്നത്. യോഗ്യരായ ആയൂർവേദ ഡോക്ടർമാർ, ഉയർനിലവാരമുള്ള ചികിത്സകൾ, മരുന്നുകൾ, വൃത്തിയുള്ളതും ശുചിത്യമുള്ളതുമായ മുറികൾ, ഉപകരണങ്ങൾ, പരിസ്ഥിതി സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയും വ്യവസ്ഥകളിൽ ഉൾപ്പെടുന്നു.

മികച്ച ആയൂർവേദ ചികിത്സ നൽകുന്നതിനുള്ള തൃശ്ശൂർ ജൂബിലി ആയൂർവേദ മിഷൻ ആശുപത്രിയുടെ പ്രതിബദ്ധതയ്ക്കും അതിനായി പ്രവർത്തിക്കുന്ന ഡോക്ടർമാരുടെയും ടീമിന്റെയും ഗുണനിലവാരത്തിനും കാര്യക്ഷമതയ്ക്കും നൽകുന്ന അംഗീകാരമാണ് ഈ സർട്ടിഫിക്കേഷൻ.

രാമവർമ്മപുരം പോലീസ് അക്കാദമിയുടെ മുന്നിൽ സ്ഥിതി ചെയ്യുന്ന ജൂബിലി ആയൂർവേദ മിഷൻ ആശുപത്രിയിൽ ആയുർവേദ രംഗത്ത് പ്രഗൽഭരായ ഡോക്ടർമാരുടെ കർശനമായ മാർഗ്ഗനിർദ്ദേശത്തിൽ, ആയൂർവേദത്തിന്റെ തത്വങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പഞ്ചകർമ്മ ചികിത്സകൾ നൽകിവരുന്നു. എല്ലാവിധ പരിശോധനകൾക്കുമുള്ള ലാബ് സൗകര്യവും, ഇൻഷുറൻസ് സൗകര്യവും ജൂബിലി ആയൂർവേദയിൽ ലഭ്യമാണ്. ആയൂർവേദ പഞ്ചകർമ്മ ആന്റ് നഴ്സിംഗ് ഡിപ്ലോമ കോഴ്സും ജൂബിലി ആയൂർവേദയിൽ

നടത്തി വരുന്നു.

**നവീകരിച്ച മദർതെരേസ ഹാൾ ഉദ്ഘാടനം ചെയ്തു**

ജൂബിലി മിഷൻ ആശുപത്രിയിൽ അതിനൂതന രീതിയിൽ സജ്ജമാക്കിയ മദർ തെരേസ ഹാളിന്റെ ആശീർവ്വാദകർമ്മം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മൂന്നൂറ്റമ്പതോളം പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച ഹാളിൽ അത്യാധുനിക രീതിയിലുള്ള ശബ്ദ സംവിധാനവും തയ്യാറാക്കി യിട്ടുണ്ട്. ചടങ്ങിൽ തൃശ്ശൂർ എ.സി.പി. മുഹമ്മദ് നദീമുദ്ദീൻ ഐ.പി.എസ്., ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. സിന്റോ കാരേപറമ്പൻ, ഫാ. ജോയ്സൻ ചെറുവത്തൂർ, മെഡിക്കൽ സൂപ്ര ണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ എഫ്.സി.സി. എന്നിവർ പ്രസംഗിച്ചു.

**അന്താരാഷ്ട്ര അവാർഡ് ജൂബിലി സ്റ്റാഫ് നഴ്സിന്**

ജൂബിലിയിൽ സേവനം അനുഷ്ഠിച്ചു വരുന്ന സ്റ്റാഫ് നേഴ്സ് ശോഭ എൽ മുറി-ചുണ്ടും മുറി-അണ്ണാക്കുമായി ജനിക്കുന്ന കുട്ടി കൾക്ക് സൗജന്യ ശസ്ത്രക്രിയ ചെയ്യുന്ന അമേരിക്ക ആസ്ഥാനമാ യുള്ള അന്താരാഷ്ട്ര സംഘടനയായ സ്മൈൽ ട്രെയിൻ, രോഗി കൾക്ക് ഏറ്റവും മികച്ച സേവനം നൽകുന്ന ലോകത്തിലെ തന്നെ ഏറ്റവും നല്ല നേഴ്സ് എന്ന ഈ വർഷത്തെ അവാർഡിനു അർഹയായി. നേഴ്സസ് ദിനത്തോടനുബന്ധിച്ച് നടന്ന പരിപ ാടിയിൽ അവാർഡ് ജേതാവും ജൂബിലിയുടെ അഭിമാനവുമായ സി. ശോഭയെ അനുമോദിച്ചു.  ചടങ്ങിൽ എ.സി.പി. മുഹമ്മദ് നദീമുദ്ദീൻ ഐ.പി.എസ്. സിസ്റ്റർ ശോഭയ്ക്ക് ഉപഹാരം നൽകി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ എഫ്.സി.സി. എന്നിവർ സന്നിഹിതരായിരുന്നു. തൃശ്ശൂർ പടവരാട് കീറ്റിക്ക വീട്ടിൽ ജോയിയുടെ ഭാര്യയാണ് സ്റ്റാഫ് നേ ഴ്സായ ശോഭ എൽ.

**നേഴ്സസ് ദിനം ആചരിച്ചു**

ആഗോള നേഴ്സസ് ദിനത്തോടനുബന്ധിച്ച് ജൂബിലിയിൽ നേഴ്സസ് ദിനം ആചരിച്ചു. അതോടനുബന്ധിച്ച് നേഴ്സുമാർക്കു വേണ്ടി പ്രത്യേക കുർബാനയും പ്രാർത്ഥനയും ഉണ്ടായിരുന്നു. ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം തൃശ്ശൂർ എ.സി.പി. മുഹമ്മദ് നദീമുദ്ദീൻ ഐ.പി.എസ്. ഉദ്ഘാടനം ചെയ്തു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്

അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അവാർഡ് ജേതാവ് സി. ശോഭയെ ഉപഹാരം നൽകി ആദരിക്കുകയും നേഴ്സുമാരുടെ സേവനങ്ങളെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ എഫ്.സി.സി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**നേത്രപരിശോധന ക്യാമ്പ് - സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ**

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഒഫ്താൽമോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സെന്റ് ജോസഫ് ചർച്ച് കുരിയച്ചിറയിൽ വെച്ച് സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ക്യാമ്പിൽ 52 രോഗികളെ പരിശോധിച്ചു. അതിൽ തെരഞ്ഞെടുത്ത രോഗികളെ ജൂബിലി മിഷൻ മെഡിക്കൽ കോളജിലേക്ക് തുടർപരിശോധനകൾക്കായി റഫർ ചെയ്തു.

**കനേഡിയൻ വിദ്യാർത്ഥികൾ ഇന്റർ പ്രൊഫഷണൽ പഠനത്തിനായി ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ ഇന്റർ പ്രൊഫഷണൽ പഠനത്തിനോടനുബന്ധിച്ച് നയാഗ്ര കോളേജ് കാനഡയിൽ നിന്നും 20 വിദ്യാർത്ഥികളും 2 അധ്യാപകരും ഇൻസ്കോൾ അധികൃതരും ചേർന്ന് സന്ദർശനവും പഠനവും നടത്തി. പ്രോഗ്രാമിന്റെ ഉദ്ഘാടനം ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുര്യൻ നിർവ്വഹിച്ചു. അതിനോടനുബന്ധിച്ച് ഭുപീസർ സബർവാൾ ഡയറക്ടർ & സി.ഇ.ഒ ഇൻസ്കോൾ, ഡയാന മരിയ (അധ്യാപിക, നയാഗ്ര കോളേജ്), ഡോ. ബെന്നി ജോസഫ് (സി.ഇ.ഒ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്) എന്നിവർ ആശംസകളറിയിച്ചു. ഉദ്ഘാടനത്തിനെ തുടർന്ന് നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ മൂന്ന് ദിവസത്തെ ഇന്റർപ്രൊഫഷണൽ പഠനത്തിന്റെ ക്രമീകരണങ്ങൾ പരിചയപ്പെടുത്തി. ഇതിനെ തുടർന്ന് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സന്ദർശനവും ക്ലാസ്സുകളും നടന്നു.

നഴ്സിങ്ങ് കോളേജും വെള്ളാനിക്കര ഹെൽത്ത് സെന്ററും, ആയുർവേദ ആശുപത്രിയും സന്ദർശിക്കുകയുണ്ടായി. ഇരവിമംഗലം ഗ്രാമീണ വായനശാലയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി ഡിപ്പാർട്ടുമെന്റ് സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പിൽ വിദേശവിദ്യാർത്ഥികളും അധ്യാപകരും പങ്കെടുക്കുകയും

ചെയ്തു.

**തൃശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ആശുപത്രിയുടെ പവലിയൻ**

തൃശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ആശുപത്രിയുടെ പവലിയൻ തൃശൂർ സി.ഐ. ശ്രീ. സുജിത്ത് എം., തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹിക പ്രതിബദ്ധത മുൻനിർത്തി വിവിധ രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും ജൂബിലിയിലെ വിവിധ വിഭാഗങ്ങളായ ക്രിറ്റിക്കൽ കെയർ, എമർജൻസി മെഡിസിൻ, ജെറിയാട്രിക്സ്, ജൂബിലി ആയുർവേദ എന്നീ വിഭാഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. പവലിയനിൽ ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും ജനങ്ങളുമായി സംവദിക്കുന്നതാണ്. സൗജന്യ മെഡിക്കൽ ചെക്കപ്പും ഉണ്ടായിരിക്കും. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, തൃശൂർ പൂരം എക്സിബിഷൻ കമ്മറ്റിയുടെ പ്രസിഡന്റ് എ. രാമകൃഷ്ണൻ, സെക്രട്ടറി വിപിനൻ പി.എ. എന്നിവർ സിഹിതരായിരുന്നു.

**അഭിനന്ദനങ്ങൾ**

- കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി (KFOG) യുടെ പേസ് സെറ്റർ അവാർഡ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. നീത ജോർജ്ജ് കരസ്ഥമാക്കി.
- കൊച്ചിയിൽവെച്ച് നടന്ന SWIMATHON 2024ൽ 10 KM നീന്തൽ വിജയകരമായി പൂർത്തിയാക്കി 23-ാം സ്ഥാനവും പ്രായ വിഭാഗത്തിൽ 7-ാം സ്ഥാനവും ചാൾസ്പിന്റോ വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. വരുൺ മേനോൻ പി. കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി ജോസി ലൂക്ക്, സെന്റ് ആൻസ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- പ്രൊ. (ഡോ) മാണി കെ. പി, തൃശ്ശൂർ
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

- വെനസ്ഡേ ക്ലബ്
- ലിവിഡാസ്, കൊല്ലം
- സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, സെന്റ് ജോസഫ്സ് ചർച്ച്, കുരിയിച്ചിറ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. എ. ആർ. പോൾ (ലേറ്റ്), ആലപ്പാടൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- ശ്രീ. ബേബി പി.എ., ഇൻഷൂറൻസ് ഓഫീസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ശ്രീ. അജ്വിൻ ജെറി, C/o നൈന, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ശ്രീമതി ലിസ്സി മാത്യു, (പേഷ്യന്റ്, ന്യൂറോ ഐ.സി.യു).

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**എൻ.എസ്.എസ് പ്രവർത്തനങ്ങൾക്ക് അനുമതി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിന് എൻ.എസ്. എസ് - നാഷണൽ സർവ്വീസ് സ്കീമിന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. വിവിധ കമ്മ്യൂണിറ്റി സേവന പ്രവർത്തനങ്ങളിലും പരിപാടികളിലും യുവതീ യുവാക്കൾക്ക് അനുഭവ പരിചയം നൽകുക എന്ന എൻ.എസ്.എസിന്റെ ലക്ഷ്യം സാധൂകരിക്കാൻ ഉതകുന്ന കർമ്മ പരിപാടികൾ കോളേജ് ആസൂത്രണം ചെയ്തു വരുന്നു.

**ITEP വെബിനാർ**

PACE (Principals Association of Colleges of Education) മെയ് 5ന് സംഘടിപ്പിച്ച ITEP ഓറിയന്റേഷൻ വെബിനാറിൽ അധ്യാപകർ പങ്കെടുത്തു. നാലു വർഷ ബി.എഡ് പ്രോഗ്രാമിനെകുറിച്ചും, NAAC അംഗീകാരത്തിനുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ചും വിശദമായ ചർച്ച നടന്നു.

**ഫാക്കൽറ്റി ഡെവലപ്നെന്റ് പ്രോഗ്രാം**

പുതിയ അധ്യായന വർഷത്തിന് മുന്നോടിയായി മെയ് 27, 28, 29 ദിവസങ്ങളിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ എല്ലാ അധ്യാപകരും ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സെട്രൽ യൂണിവേഴ്സിറ്റി ഓഫ് ഗുജറാത്തും, യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മാളവ്യ മിഷൻ ടീച്ചർ ട്രെയനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി NEP 2020 ഓറിയന്റേഷൻ ആന്റ് സെൻസിറ്റൈസേഷൻ എന്ന ഹൃസ്വകാല കോഴ്സ് പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രൊഫസർ നിഥിക എ.ആർ ന് അഭിനന്ദനങ്ങൾ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 3 (തിങ്കൾ) | - | അധ്യയനവർഷം ആരംഭം |
| 5 (ബുധൻ) | - | ലോക പരിസ്ഥിതിദിനം |
| 7 (വെള്ളി) | - | ആദ്യവെള്ളി, വി. കുർബാന ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| 13 (വ്യാഴം) | - | വി. അന്തോണീസ് |
| 21 (വെള്ളി) | - | വി. അലോഷ്യസ് ഗോൺസാഗോ - വിദ്യാർത്ഥികളടെ മദ്ധ്യസ്ഥൻ |
| 29 (ശനി) | - | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

**2. സ്വാഗതം**

2024-2025 അധ്യയനവർഷത്തിലേയ്ക്ക് എല്ലാ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനധ്യാപകർക്കും ഹാർദ്ദ

വമായ സ്വാഗതം. ഈ അധ്യയനവർഷത്തിൽ ധാരാളം ദൈവാനുഗ്രഹങ്ങൾ നമുക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**3. തിരുഹൃദയ പ്രതിഷ്ഠ**

ഈശോയുടെ തിരുഹൃദയ തിരുനാൾ ദിവസമായ ജൂൺ 7 വെള്ളിയാഴ്ച സ്കൂളുകളിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുമല്ലോ.

**4. സ്കൂൾ കണക്ക്/റിപ്പോർട്ട്**

സ്കൂളിന്റെ 2023-2024 വർഷത്തിലെ കണക്കും റിപ്പോർട്ടും ഏജൻസി ഓഫീസിൽനിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ജൂൺ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജൂൺ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 5,6,7- 12,13,14 - 26,27,28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**നവദമ്പതിസംഗമം ഗംഭീരമായി**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2023 നവംബർ, ഡിസംബർ, 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായ നവദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് മെയ് 26 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി

വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, ബഹു. രാജു അക്കര അച്ചനും, ഫാ. ഡെന്നി താണിക്കൽ അച്ചനും, ഫാ. അനിഷ് കൂത്തുരച്ചനും, ഫാ. ജോജോ എടത്തുരുത്തിക്കാരൻ അച്ചനും ഈ ദമ്പതി സംഗമത്തിന് നേതൃത്വം കൊടുത്തു. നേതൃത്വം കൊടുത്തവർക്കും പങ്കെടുത്തവർക്കും നന്ദി പറയുന്നു.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം- രാവിലെ 9.30 മുതൽ 3.30 വരെ.

**ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി**

ക്രിസ്തുവിന്റെ നാമത്തിൽ വിവാഹിതരായവർ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്വന്തം ജീവിത പങ്കാളിയെ സ്നേഹിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ഈ വിളി ജീവിക്കുവാൻ ഭാര്യ ഭർത്താക്കന്മാർ വളർത്തിയെടുക്കേണ്ട ഒട്ടനവധി മനോഭാവങ്ങളും ശീലങ്ങളും ഉണ്ട്. ഈ ഉദ്ദേശത്തോടെയാണ് നമ്മുടെ അതിരൂപത കുടുംബ പ്രേഷിത കേന്ദ്രം ട്രിനിറ്റി ദമ്പതി കൂട്ടായ്മ ഇടവക തലത്തിൽ ആരംഭിച്ചത്. ഈ കൂട്ടായ്മ ഒരു സംഘടനയല്ല, മറിച്ച് വിവാഹമെന്ന കൂദാശയിൽ വളരുവാൻ ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി നടത്തുന്ന ഒരു പരിശീലന പരിപാടിയാണ്. നമ്മുടെ ഇടവകകളിൽ ഈ മിനിസ്ട്രി ആരംഭിച്ച് കുടുംബങ്ങളെ നമുക്ക് രക്ഷിക്കാം. ഇടവകകളിൽ ഈ മിനിസ്ട്രി ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ അല്ലെങ്കിൽ ഈ മിനിസ്ട്രിയെ കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്നവർ വിളിക്കുക 9605043327.

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി സീറോ ഡിവോഴ്സ് എന്ന പ്രോഗ്രാം അച്ചന്റെ ഇടവകയിൽ നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെയുള്ള നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ. 9497179780, 9605043327. ദമ്പതികളുടെ എണ്ണത്തെക്കുറിച്ച് യാതൊരു ഉൽകണ്ഠയും ആവശ്യമില്ല.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് - 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2024 വെളപായ, കണ്ടശ്ശാംകടവ്, പേരാമംഗലം, നാട്ടിക എന്നീ ഇടവകയിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**രക്തദാനം നടത്തി**

കുടുംബ കൂട്ടായ്മ സ്ഥാപക പിതാവായ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 26-ാമത് ചരമവാർഷിക ത്തോടനുബന്ധിച്ച് അതിരൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജൂബിലി മിഷ്യൻ മെഡിക്കൽ കോളജിൽ വെച്ച് സംഘടിപ്പിച്ച രക്തദാന ക്യാമ്പ് അതിരൂപത ഡയറക്ടർ റവ.ഡോ ഡെന്നി താണിക്കൽ രക്തം ദാനം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികൾ രക്തദാനം നൽകി. ജൂബിലി മെഡിക്കൽ കോളേജ് ഡയറക്ടർ റവ ഫാ. റെന്നി മുണ്ടൻകുരിയൻ, അതിരൂപത കുടുംബ കൂട്ടായ്മ അസി.ഡയറക്ടർ ഫാ.അനീഷ് കൂത്തൂർ, ജനറൽ കൺവീനർ ഷിന്റോ മാത്യു, ജനറൽ സെക്രട്ടറി പ്രൊഫ. ജോർജ്ജ് അലക്സ്, കമ്മിറ്റി അംഗങ്ങളായ ജോയ് സി.ടി, ജിനീഷ് വടക്കുംഞ്ചേരി, കൊട്ടേക്കാട് ഫൊറോന കൺവീനർ സോണി വർഗ്ഗീസ് വെളപ്പായ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

**പതാക ദിനം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ ദിനമായ മെയ് 26-ാം തിയ്യതി ഇടവകകളിൽ കുടുംബകൂട്ടായ്മ ദിനാചരണവും പതാകദിനാചരണവും ഭംഗിയായി നടന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും ഒത്തിരി നന്ദി.

അന്നേ ദിവസം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുക്കാട്ടുക്കര ഇടവകയിൽ വച്ച് കുടുംബകൂട്ടായ്മയുടെ പതാക ഉയർത്തികൊണ്ട് അതിരൂപത തല കുടുംബകൂട്ടായ്മ ദിനാചരണം നിർവ്വഹിച്ചു.

**പരിസ്ഥിതിദിനാചരണം**

ജൂൺ 5-ാം തിയ്യതി പരിസ്ഥിതി ദിനം. കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവക വികാരിയച്ചനുമായി ആലോചിച്ച് ഇടവക അതിർത്തിയിലോ പള്ളി പരിസരങ്ങളിലോ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിക്കേണ്ടതാണ്. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ജൂൺ 5-ാം തിയ്യതി ബുധനാഴ്ച്ച കാലത്ത് 10.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് പരിസ്ഥിതി ദിനാചരണം ആചരിക്കുന്നതായിരിക്കും.

**മെറിറ്റ് ഡേ എസ്.എസ്.എൽ.സി, പ്ലസ് ടു ഫുൾ എ പ്ലസ്**

ഈ വർഷം (2023-2024) പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് സമ്മാനം നൽകുന്നതിന് മുന്നോടിയായി സമ്മാനാർഹരുടെ മാർക്ക്ഷീറ്റിന്റെ കോപ്പിയുടെ പുറകിൽ ഇടവകയുടെ പേരും ഭാരവാഹിയുടെയും യൂണിറ്റിന്റെയും പേരും ഭാരവാഹിത്വവും വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയതിനു ശേഷം അതിന്റെ കോപ്പിയും സമ്മാനാർഹരായ കുട്ടിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കോൺടാക്ട് നമ്പറും (വാട്സ് ആപ്പ് നമ്പർ) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ജൂൺ 15 ന് മുൻപായി ഏൽപിക്കേണ്ടതാണ്. പിന്നീട് വരുന്നത് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

## പ്രാർത്ഥനാദിനം

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതതല പ്രാർത്ഥനാദിനമാണ് ജൂൺ 10-ാം തിയ്യതി തിങ്കളാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

## പാരന്റിങ്ങ് സെമിനാർ

മാതൃവേദി അംഗങ്ങൾക്കായുള്ള രണ്ടാമത്തെ പാരന്റിങ്ങ് സെമിനാർ ജൂൺ 10-ാം തിയ്യതി തിങ്കളാഴ്ച (9.30am-11.30am) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## വൃക്ഷതൈ വിതരണം

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 10 -ാം തിയ്യതി തിങ്കളാഴ്ച്ച വൃക്ഷത്തൈ എല്ലാ അമ്മമാർക്കും നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന വൃക്ഷതൈ വിതണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അമ്മമാർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ജൂൺ 10 -ാം തിയ്യതി (9.30 am-1.00 pm) തിങ്കളാഴ്ച കൊണ്ടുവരാവുന്നതാണ്.

## നേതൃത്വ പരിശീലന പ്രോഗ്രാം

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്റിന്റെയും നേതൃത്വത്തിൽ അമ്മമാർക്കായി സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന

പ്രോഗ്രമിന്റെ നാലാമത്തെ സെമിനാർ ജൂൺ 17-ാം തിയ്യതി തിങ്കളാഴ്ച്ച 10 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

### തിരുമണിക്കൂർ ആരാധന, വി. കുർബാന

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന തിരുമണിക്കൂർ (ജൂൺ 3 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ) ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### ഏലീശ്വാ സഹഗമനം

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം മെയ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ജൂൺ 9-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## നിത്യവ്രത വാഗ്ദാനം

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് എന്ന തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിത സമൂഹത്തിൽ 5 കുടുംബങ്ങൾ കൂടി നിത്യവ്രതം സ്വീകരിച്ച് സ്ഥിരാംഗങ്ങളായി. 2024 ഏപ്രിൽ 28 ഞായറാഴ്ച തൃശ്ശൂർ വ്യാകുല മാതാവിന്റെ ബസലിക്കയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ ആണ് അഞ്ച് കുടുംബങ്ങൾ പിതാവിന്റെ മുന്നിൽ മുട്ടു കുത്തി നിത്യവ്രതം സ്വീകരിച്ചത്. രണ്ടു കുടുംബങ്ങൾ ആസ്പിരസിക്ക് അപേക്ഷ നൽകി. 3 കുടുംബങ്ങൾ ആസ്പിരൻസി ഒരു വർഷം കൂടി തുടരാൻ തീരുമാനിച്ചു. 19 കുടുംബങ്ങൾ താൽക്കാലിക വ്രതങ്ങൾ സ്വീകരിച്ച് താൽക്കാലിക അംഗങ്ങൾ ആയി. 16 സ്ഥിരാംഗ കുടുംബങ്ങൾ തങ്ങളുടെ വ്രതനവീകരണം നടത്തി. ലോഫ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. അനീഷ് കുത്തൂർ, റവ. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ എന്നിവർ സഹകാർമ്മികർ ആയിരുന്നു.

## LUX DOMUS - 2024

കുടുംബ പ്രേഷിത ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ദമ്പതികൾ, ഫാമിലി അപ്പസ്റ്റൊലേറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, കുടുംബ പ്രേഷിത സംഘടനകളിലെ ഡയറക്ടർമാർ, അംഗങ്ങൾ, എന്നിവർക്കായി 2024 മെയ് 11 (ശനിയാഴ്ച) തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് രാവിലെ 9 മണി മുതൽ വൈകീട്ട് 5 മണി വരെ 'ദിവ്യകാരുണ്യ കേന്ദ്രീകൃത കുടുംബജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന സെമിനാർ ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ നേതൃത്വത്തിൽ നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് LUX DOMUS ഉദ്ഘാടനം ചെയ്തു. ലോഫ് പബ്ലിക്കേഷന്റെ ആദ്യ പുസ്തകമായ അമ്മ മാലാഖ ശ്രീ. ജോജു ചിറ്റാട്ടുക്കരക്ക് നൽകികൊണ്ട് പിതാവ് പ്രകാശനം ചെയ്തു. ലോഫ് ടൈഡിംഗ്സ് എന്ന e-magazine ആദ്യം രജിസ്റ്റർ ചെയ്ത ദമ്പതികൾക്ക് നൽകികൊണ്ട് ലോഫ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ, സഭാവിജ്ഞാനീയത്തിലെ പ്രമുഖർ, വിവിധ കുടുംബ പ്രേഷിത സംഘടന

യിലെ വിശിഷ്ട വ്യക്തികൾ എന്നിവരുടെ സാന്നിധ്യവും പ്രഭാഷണവും ഉണ്ടായിരുന്നു.

### LOAF SPIRITUAL DAY

കുടുംബങ്ങൾക്ക്‌വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ജൂൺ 8-ാം തിയ്യതി മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

### LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം 2024 ജൂൺ 7,8,9 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ജൂൺ 7 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 9 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

### LOAF ACADEMIC SESSION

മെയ് മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 26-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠനത്തിന് ഡോ. വിമൽ, അഡ്വ. റീനു ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

## സാന്ത്വനം

### സാന്ത്വനം സർജിക്കൽസ്(രോഗി പരിചരണ ഉപകരണ ബാങ്ക്)

ഏപ്രിൽ,മെയ് മാസത്തിൽ ചേറൂർ, പൊന്നൂക്കര, പുതുക്കാട്, കൊട്ടേക്കാട്,ആമ്പക്കാട്, പുറനാട്ടുക്കര എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. കട്ടിൽ, എയർ

ബെഡ്,ബെഡ്, ഓക്സിജൻ കോൺസൻട്രേറ്റർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

**ജൂട്ട് & പേപ്പർ ബാഗ് നിർമാണ പരിശീലനം നടത്തി.**

ചേലക്കര പാസ്റ്ററൽ സെന്ററിൽ വെച്ച് നബാർഡിന്റെ സഹായത്തോടെ സാന്ത്വനം 30 വനിതകൾക്കായി 15 ദിവസത്തെ ട്രെയ്നിങ്ങ് പ്രോഗ്രാം നൽകി. വനിതകൾക്ക് സ്വയം സംരംഭം തുടങ്ങുന്നതിനാവശ്യമായ പരിശീലനമാണ് നൽകിയത്. ജൂട്ട് മെറ്റീരിയലിൽ 20-ൽ അധികം മാതൃകകളാണ് പഠിപ്പിച്ചത്.കൂടാതെ പേപ്പർ നിർമാണ പരിശീലനവും നൽകി. പരിശീലനത്തോടൊപ്പം വിവിധ നിർമാണ യൂണിറ്റുകൾ സന്ദർശനം നടത്തി. പരിശീലനം പൂർത്തിയാക്കിയവർക്ക് നബാർഡ് തൃശൂർ ഓഫീസർ സെബിൻ ആന്റണി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു ചേലക്കര ഫൊറൊന വികാരി ഫാ. ജോൺസൺ ഒലക്കേങ്കിൽ,സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി. പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ എന്നിവർ പങ്കെടുത്തു.

**ഭവന നിർമാണ പ്രവർത്തനങ്ങൾ**

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നിർമിക്കുന്ന 50 സാന്ത്വന ഭവനങ്ങളിൽ ആദ്യത്തെ ഭവനം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചിറ്റിശ്ശേരിയിൽ നിർമാണം പൂർത്തീകരിച്ചു. ഭവനത്തിന്റെ ആശിർവാദകർമ്മം ചിറ്റിശ്ശേരി ഇടവക വികാരി ഫാ.വർഗീസ് കാഞ്ഞിരത്തിങ്കൽ നിർവഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി. അസി.. ഡയറക്ടർ ഫാ.ഡിക്സൺ കൊളംമ്പ്രത്ത്, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ എന്നിവർ പങ്കെടുത്തു.ബാക്കിയുള്ള ഭവനങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഭവനം വെഞ്ചിരിച്ചു.**

ഫാ.ഷാജു ചിറയത്തിന്റെ അനുസ്മരണാർത്ഥം അദേഹത്തിന്റെ കോടന്നൂരിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമിച്ചു നൽകിയ ഭവനം മെയ് 8-ാം തിയതി ഫാ.ജെയ്സൺ കൂനംപ്ലാക്കൽ ആശിർവദിച്ചു. കോടന്നൂർ ഇടവക വികാരി ഫാ. ആന്റണി ആലുക്ക, ഫാ. പോൾ ആലപ്പാട്ട്, ഫാ. ജേക്കബ് തച്ചറാട്ടിൽ,സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ എന്നിവർ സന്നിഹിതരായിരുന്നു.

**ക്ലാസ് നടത്തി**

സജീവത്തിന്റെ ഭാഗമായി കാവൽ പ്ലസ് പ്രോജക്ടിനോട് ചേർന്ന് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി 2 ദിവസത്തെ ക്ലാസുകൾ

പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്നു. 50 കുടുംബങ്ങൾ പങ്കെടുത്തു. ജീവിത നൈപുണ്യ ക്ലാസുകളും വിവിധ ഗ്രൂപ്പ് മത്സരങ്ങളും ഉൾപ്പെട്ടതായിരുന്നു ക്ലാസ്. കൂടാതെ മാതാപിതാക്കൾക്കായുള്ള പാരന്റിങ് ക്ലാസ് നടത്തി.

**ഫാ.ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**തിരുമണിക്കൂർ ആരാധന - 10.05.2024**

സംസ്ഥാന രജതജൂബിലിയോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ നടക്കുന്ന അഖണ്ഡ ആരാധനയോടു ചേർന്നുനിന്നുകൊണ്ട് മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത തിരുമണിക്കൂർ ആരാധന തൃശ്ശൂർ കുരിയച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിലെ നിത്യാരാധന കേന്ദ്രത്തിൽ ആരാധന സംഘടിപ്പിച്ചു. തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് നയിച്ച ആരാധന മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും സമിതി അംഗങ്ങൾക്കും ആത്മീയ ഉണർവേകി. തുടർന്ന് ദണ്ഡി യാത്ര കഴിഞ്ഞ് വന്ന മദ്യവിരുദ്ധ സമിതി അംഗം ശ്രീ. ഇ. എ. ജോസഫ് അവർകളെ ഡയറക്ടറും ഭാരവാഹികളുംകൂടി അഭിനന്ദനാശംസകളറിയിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

**യൂണിറ്റ് രൂപീകരണം - കൊഴുക്കുള്ളി - 12.05.2024**

പുത്തൂർ ഫൊറോനയിലെ കൊഴുക്കുള്ളി നിത്യസഹായ മാതാ ഇടവകയിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി. തുടർന്നു നടന്ന സമിതി രൂപീകരണ യോഗത്തിൽ ഇടവക വികാരി റവ. ഫാ. ബാസ്റ്റിൻ ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ച് പ്രസംഗിച്ചു. യോഗത്തിൽ നിന്നും യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ. ജോണി മേച്ചേരിപ്പടി പ്രസിഡന്റായും ശ്രീ. മോഹൻ പി. എ. സെക്രട്ടറിയായും

ശ്രീ. ബെഞ്ചമിൻ ബി. എ. ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സമിതിയുടെ നിയമാവലിയും സ്മരണികയും അതിരൂപത ഡയറക്ടർ നിയുക്ത പ്രസിഡന്റിന് കൈമാറി. സമിതി അംഗങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. ശ്രീ. ജോണി മേച്ചേരിപ്പടി കൃതജ്ഞതയർപ്പിച്ചു.

**പ്രാർത്ഥന ഉപവാസ യജ്ഞം – 19.05.2024**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയും പള്ളിക്കുന്ന് ഇടവക യൂണിറ്റും സംയുക്തമായി പ്രാർത്ഥനാ ഉപവാസ യജ്ഞം സംഘടിപ്പിച്ചു. പള്ളിക്കുന്ന് അസംപ്ഷൻ ദൈവാലയത്തിനു മുന്നിലെ സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ അങ്കണത്തിൽ അരങ്ങേറിയ യോഗത്തിന് അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ സ്വാഗതമരുളി. ഇടവക വികാരി റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ അദ്ധ്യക്ഷനായ യോഗം മദ്യവിരുദ്ധ സമിതിയുടെ പുതുക്കാട് ഫൊറോന പ്രൊമോട്ടർ റവ. ഫാ. സോണി കിഴക്കൂടനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അനുഗ്രഹ പ്രഭാഷകനായത് അതിരൂപത മുൻ ഡയറക്ടർ റവ. ഫാ. ജോജു പനയ്ക്കലായിരുന്നു. സി. ഡാഫ്നി എം.എസ്.എം ഐ. മുഖ്യപ്രഭാഷണം നടത്തി. അസി. വികാരി റവ. ഫാ. ഫ്രാൻസീസ് പുത്തൂക്കര, ശ്രീ. ജോയ് ആറ്റുപുറം (കേന്ദ്രസമിതി), ശ്രീ. എഡ്വിൻ തെക്കുംപുറം (സെക്രട്ടറി) തുടങ്ങിയവർ ആശംസയരുളി. അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, യോഗത്തിൽ സമാപന സന്ദേശം നൽകി. ശ്രീ. ബിജു തളിയപറമ്പിൽ കൃതജ്ഞതയർപ്പിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**പ്രവർത്തന കാലഘട്ട ഉദ്ഘാടനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2024–25 പ്രവർത്തന കാലഘട്ടത്തിന്റെ ഉദ്ഘാടനവും അതിരുപത ഭാരവാഹികളെ ആദരിക്കലും ഡി.ബി.സി.എൽ.സി –യിൽ വെച്ച് ജൂൺ 8 –ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 മണി വരെ നടത്തപ്പെടുന്നു. തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘ

ടനകളുടെ പ്രമോട്ടേഴ്സും ആനിമേറ്റേഴ്സും, അതിരൂപത- ഫൊറോന ഭാരവാഹികളും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. വാർഷിക പ്രോഗ്രാം അന്ന് തന്നെ പ്രകാശനം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവർ ഗൂഗിൾ ഫോം വഴിയായി ജൂൺ 6 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗൂഗിൾ ഫോം ലിങ്ക് ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ 9947582522)

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് 2024**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് സംഘടിപ്പിച്ചു. എപ്രിൽ 15-16 തിയ്യതികളിൽ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ ഈ മത്സരത്തിൽ 32 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ് 3000/- രൂപ, റണ്ണേഴ്സ് 2000/- രൂപ) നൽകി അനുമോദിച്ചു. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

വിന്നേഴ്സ് അപ്പ് - പുതുക്കാട് ഇടവക

ഫസ്റ്റ് റണ്ണേഴ്സ് അപ്പ് - എറവ് ഇടവക

സെക്കന്റ് റണ്ണേഴ്സ് അപ്പ് - വടക്കാഞ്ചേരി ഇടവക

ബെസ്റ്റ് ബാറ്റ്സ്മാൻ - വിക്ടർ ജോർജ്ജ്

ബെസ്റ്റ് ബോളർ - റോൺ റെജി

**ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൂട്ബോൾ ലീഗ് 2024**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ഫാ. സിൻസൺ എടക്കളത്തൂരിന്റെ അനുസ്മരണാർഹം ഫൈവ്സ് ഫൂട്ബോൾ ലീഗ് സംഘടിപ്പിച്ചു. കുരിയച്ചിറ, നെഹ്റു നഗർ, ഡിഗോ സ്പോട്സ് ഹബിൽ വെച്ച് ഏപ്രിൽ 22, 23, 24 തിയതികളിലാണ് മത്സരം നടത്തപ്പെട്ടത്. 64 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു. വിജയികൾക്ക് എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ് 3000/- രൂപ, റണ്ണേഴ്സ് 2000/- രൂപ) നൽകി അനുമോദിച്ചു.

വിന്നേഴ്സ് അപ്പ് - അരിമ്പൂർ ഇടവക

ഫസ്റ്റ് റണ്ണേഴ്സ് അപ്പ് - ഒല്ലൂർ ഇടവക

സെക്കന്റ് റണ്ണേഴ്സ് അപ്പ് - പാലയൂർ ഇടവക

ഗോൾഡൻ ഗ്ലൗ - ആഷ്വിൻ ഡേവിഡ്, പാലയൂർ

ഗോൾഡൻ ബൂട്ട് - നാഷ് ഏദൻ, അരിമ്പൂർ

**മരിയൻ കാരംസ് ലീഗ് 2024**

ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി ഏപ്രിൽ 29-ാം തിയ്യതി ഡി.ബി.സി.എൽ.സിയിൽ വെച്ച് മരിയൻ കാരംസ് ലീഗ് 2024 സംഘടിപ്പിച്ചു. ആൺകുട്ടികളുടെ 34 ടീമുകളും പെൺകുട്ടികളുടെ 18 ടീമുകളും മൽസരത്തിൽ പങ്കെടുത്തു. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 1500/- രൂപ, റണ്ണേഴ്സ് 1000/- രൂപ) നൽകി അനുമോദിച്ചു.

ആൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നേഴ്സ് അപ്പ് - മരത്താക്കര ഇടവക

ഫസ്റ്റ് റണ്ണേഴ്സ് അപ്പ് - കണ്ടശാംകടവ് ഇടവക

സെക്കന്റ് റണ്ണേഴ്സ് അപ്പ് - കോനിക്കര ഇടവക

പെൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നേഴ്സ് അപ്പ് - വടൂക്കര ഇടവക

ഫസ്റ്റ് റണ്ണേഴ്സ് അപ്പ് - മറ്റം ഇടവക

സെക്കന്റ് റണ്ണേഴ്സ് അപ്പ് - ഒല്ലൂക്കര ഇടവക

റെഡ് സ്റ്റാർ വിന്നേഴ്സ്

1. മറിയം തേജസ്, ഒല്ലൂക്കര
2. ഏബൽ ലെയ്സൺ, മരത്താക്കര

**മരിയൻ ചെസ്സ് ലീഗ് 2024**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ചരിത്രത്തിൽ ആദ്യമായി ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി ഏപ്രിൽ 30-ാം തിയ്യതി ഡി.ബി.സി. എൽ.സിയിൽ വെച്ച് മരിയൻ ചെസ്സ് ലീഗ് 2024 സംഘടിപ്പിച്ചു. 25 ആൺകുട്ടികളും 10 പെൺകുട്ടികളും മൽസരത്തിൽ പങ്കെടുത്തു.

ആൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നർ അപ്പ് - മനു സി. ബിനോയ്, ഒളരിക്കര

ഫസ്റ്റ് റണ്ണർ അപ്പ് - ഷിബിൻ ഷാബു, ഒളരിക്കര

സെക്കന്റ് റണ്ണർ അപ്പ് - ഏബൽ ബി. ജോയ്, ഒല്ലൂക്കര

പെൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നർ അപ്പ് - ഏയ്ഞ്ചൽ റോസ് ബെന്നി, തൃശ്ശൂർ ലൂർദ്ദ്

ഫസ്റ്റ് റണ്ണർ അപ്പ് - ജോവിയ പോളി, ഒല്ലൂക്കര

സെക്കന്റ് റണ്ണർ അപ്പ്- മിലേവ എൽ. കൊള്ളന്നൂർ, പേരാമംഗലം

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''യേശു അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗ സ്ഥനായ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്.'' (മത്തായി 16: 17)

<u>സുകൃതജപം:</u> ഈശോയുടെ മാധുര്യമേറും തിരുഹൃദയമേ, അങ്ങ് എന്റെ രക്ഷയായിരിക്കണമേ.

<u>പ്രാർത്ഥനാ നിയോഗം:</u> രോഗാവസ്ഥ മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരേ സമർപ്പിച്ച് പ്രാർത്ഥിക്കാം. അവർക്ക് സഹായ ഹസ്തമായി അനേകം ദൈവമക്കൾ കടന്നുവരുവാൻ പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> അപ്പോസ്തോലനായ വിശുദ്ധ യോഹന്നാന്റെ ശിഷ്യനായിരുന്ന പോളി കാർപ്പിന്റെ, ശ്രോതാവ് ആയിരുന്ന വിശുദ്ധ ഇരേനേവൂസ് ആണ് ഈ മാസം നമ്മൾ പരിചയപ്പെടുന്ന വിശുദ്ധൻ. റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഗാളിലെ ലൂഗ്ദാനുമിലെ മെത്രാൻ ആയിരുന്നു ഇദ്ദേഹം. ആദ്യകാല സഭാ പിതാവും വിശ്വാസപരിരക്ഷകനും ആയിരുന്ന ഇദ്ദേഹത്തിന്റെ രചനകൾ ആണ് ക്രിസ്തുമത ദൈവശാസ്ത്രത്തിന്റെ ആദ്യകാല വികാസങ്ങൾക്ക് നിദാനമായത്. ജൂൺ 28 ന് തിരുസഭ വിശുദ്ധനെ സ്മരിക്കുന്നു.

<u>പ്രവർത്തനം:</u> തിരുഹൃദയ ഭക്തിയിൽ വളരുവാൻ ശ്രമിക്കുന്നതോടൊപ്പം കൂട്ടുകാരെയും അതിനായി പ്രേരിപ്പിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി** — ഡയറക്ടർ

**സി. ബീന റോസ് SSPC** — കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**സോണൽ ഇവാലുവേഷൻ മീറ്റിംഗ്**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ സബ്സോണുകളിലെയും ടീമുകളിലെയും സർവീസ് ടീമുകൾക്കായി സോണൽ ഇവാലുവേഷൻ മീറ്റിംഗ് കുറുമാൽ ഗാഗുൽത്താ റിട്രീറ്റ് സെന്ററിൽ

വെച്ച് നടത്തുകയുണ്ടായി. സർവീസ് ടീമിന്റെ ഭാഗമായി ഒരു വർഷം പിന്നിടുന്നതിനോടൊപ്പം ശുശ്രൂഷ മേഖലകളെയുംആത്മീയ ജീവിതത്തെയും വിശകലനം ചെയ്യുകയും തീഷ്ണതയുള്ള ശുശ്രൂഷ തലത്തിലേക്കും സർവീസ് ടീമിനെ കൈപിടിച്ചു ഉയർത്താൻ സോണൽ ഇവാലുവേഷൻ മീറ്റിംഗ് സഹായകരമായി. ഈ ട്രെയിനിങ്ങിൽ നൂറ്റിയമ്പത്തോളം സർവീസ് ടീം അംഗങ്ങൾ പങ്കെടുത്തു. പരിപാടികൾക്ക് ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, ഫാ. സൈമൺ ഒ. എഫ്, ജീസസ് യൂത്ത് കോർഡിനേറ്റർ ജെറിൻ ജോയ്, ഷൈജു മരത്താക്കര, ഷൈജൻ ഒളരി, മെജോ ആറ്റത്തറ, വിനീഷ്, മരിയ, ജനറൽ കോർഡിനേറ്റർ ജിത്തു മുല്ലക്കര എന്നിവർ സന്നിഹിതരായിരുന്നു.

### ക്യാമ്പസ് കോർ ടീം ട്രെയിനിങ്

തൃശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട് ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ക്യാമ്പസ് കോർ ടീം ട്രെയിനിങ് പ്രോഗ്രാം ജീസസ് യൂത്ത് പ്രയർ ഗ്രൂപ്പുകൾ ഉള്ള ക്യാമ്പസുകളിലെ കോർഡിനേറ്റർസിനും കോർ ടീം മെമ്പേഴ്സിനും വേണ്ടി ഒളരി നവജ്യോതി ബി. എഡ് കോളേജിൽ വെച്ച് ഏപ്രിൽ 26 മുതൽ 28വരെ നടത്തപെട്ടു. ലിജോ തോമസ്, നാഷണൽ ടീം മെമ്പർ സിന്റോ കാട, ഫാ. ജോൺ പേരാമംഗലം, കേരള ടാസ്ക് ടീം മെമ്പർ ജെറിൻ ജോൺസൻ, കേരള ക്യാമ്പസ് ടീം മെമ്പർ റോഷൻ ജെയിംസ്, തൃശൂർ കൗൺസിൽ മെമ്പർ ജോമരിയ, തൃശൂർ സോൺ അസിസ്റ്റന്റ് കോർഡിനേറ്റർ ഡിബിൻ ഡേവിസ്, കേരള സി. സി. ടി. മെമ്പർ ആൽവിൻ ജെ. തോമസ്, ജോയ് എസ്. എസ് എന്നിവർ സന്നിഹിതരായിരുന്ന ഈ പ്രോഗ്രാമിൽ 62 പേർ പങ്കെടുത്തു.

### ഇലുമി ലീഡേഴ്സ് ട്രെയിനിങ്

ജീസസ് യൂത്ത് തൃശൂർ സോണിലെ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ടീനേജേഴ്സ് ആയിട്ടുള്ള കുട്ടികൾക്ക്വേണ്ടി ട്രെയിനിംങ്ങ് പ്രോഗ്രാം പുറ്റേക്കര, സെന്റ്. ജോർജ് എച്ച്, എസ്. സ്കൂളിൽ വെച്ച് ഏപ്രിൽ 23-25 തിയ്യതികളിൽ നടത്തപെട്ടു. ഈ ട്രെയിനിങ്ങിൽ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി നാം വിളിക്കപ്പെട്ടവരാണെന്ന ബോധ്യം ലഭിക്കുന്ന തരത്തിലും വ്യക്തിപരമായ പ്രാർത്ഥനയെ കുറിച്ചും കുമ്പസാരം എന്ന കൂദാശയെ കുറിച്ചും ടീനേജെഴ്സിന്റെ ഇടയിൽ എപ്രകാരം സുവിശേഷപ്രഘോഷണം നടത്താമെന്നതിനെക്കുറിച്ചുമാണ് സെഷനുകൾ ക്രമീകരിച്ചിരുന്നത്. കേരളജീസസ് യൂത്ത് ഫോർമേഷൻ ടീം മെമ്പർ റോബിൻ,തൃശൂർ കൗൺസിൽ മെമ്പർ ജോമരിയ പി. ജെ, ഹേമലത, വിൽസൺ,

ഫാ. ഗോഡ്വിൻ, ആഷിക് എം. എസ് എന്നിവർ സന്നിഹിതരായിരുന്ന ഈ ട്രെയിനിങ്ങിൽ മുപ്പതോളം കുട്ടികൾ പങ്കെടുത്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

## 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ യോഗം

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണ യോഗം 2024 ജൂൺ 8 ശനി രാവിലെ 9:30 മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തുന്നു. അംഗങ്ങളെല്ലാവരും പങ്കെടുക്കുമല്ലോ.

**ചർച്ചാവിഷയം:** മനുഷ്യജീവനെതിരെയുള്ള വെല്ലുവിളികളും വെല്ലുവിളി ഉയർത്തുന്ന ആധുനിക കുടുംബ സാഹചര്യങ്ങളും.

ചർച്ചക്ക് സഹായകമായ ചോദ്യങ്ങൾ :

1. MTP Act 1971 ന്റെ സാമൂഹ്യ പ്രതിഫലനങ്ങൾ എന്തെല്ലാം?

2. എപ്രകാരമാണ് ജനസംഖ്യാ കുറവ് നമ്മുടെ സമുദായത്തെ ദോഷകരമായി ബാധിക്കുന്നത്?

3. എന്തുകൊണ്ട് നമ്മുടെ യുവത്വം കേരളം വിട്ട് വിദേശത്തു പോകുന്നു? ഈ കാര്യത്തിൽ യുവജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പ്രതിവിധികൾ എന്താണ്?

4. കേരളത്തിൽ തൊഴിലില്ലായ്മയാണോ, പ്രത്യേക തൊഴിലിനോടുള്ള ആഭിമുഖ്യമാണോ കണ്ടുവരുന്നത്?

5. ഇടവക, ഫൊറോന, അതിരൂപത തലങ്ങളിൽ ജീവന്റെ സംരക്ഷണത്തിനായി പ്രായോഗികമായി എന്ത് നടപടികൾ സ്വീകരിക്കാൻ സാധിക്കും?

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി



**The Most Holy Body and Blood of Christ—Solemnity**

June 2

നിത്യജീവന്റെ വചസ്സുകൾ

**ആത്മാവാണു ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല.**

**(യോഹ 6, 63)**



**ഈശോയുടെ**
**തിരുഹൃദയത്തിന്റെ**
**തിരുനാൾ**
**ജൂൺ 07**



2024 മെയ് 04ന് ആശീർവദിക്കപ്പെട്ട
കൊഴുക്കുളളി പള്ളിയുടെ മുഖവാരം

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.05.2024
**June - 2024**



# 137-ാമത് അതിരൂപതാ ദിനം

**20 മെയ് 2024,**
**സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളി, കൊട്ടേക്കാട്**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor